കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ
# ഓഡിറ്റ് റിപ്പോർട്ട് 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
Email: lfadtvm@yahoo.in

കെ.എസ്.എ.റ്റി.വി.എം.മിസ്.1/1219/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം – 695 001.

Phone No: 0471-2331231

Email: lfadtvm@yahoo.in

തീയതി:05.01.2021

ജോയിന്റ് ഡയറക്ടർ

സെക്രട്ടറി,
കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ

സർ,

വിഷയം :സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ 2017-18 വർഷത്തെ വാർഷിക കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ 2017-18 വർഷത്തെ വാർഷിക കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട് തുടർനടപടികൾക്കായി ഇതോടൊപ്പം പുറപ്പെടുവിക്കുന്നു. റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം മറുപടി ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം പരാമർശങ്ങളിലെ നഷ്ടോത്തരവാദിത്തം നിർണ്ണയിച്ച് തുക ഈടാക്കുന്നതടക്കമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

വിശ്വസ്തതയോടെ,

(ഒപ്പ്)

ജോയിന്റ് ഡയറക്ടർ.

<u>പകർപ്പ്:</u>

(1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

(2) സെക്രട്ടറി, കായിക യുവജനക്ഷേമ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

(3) കാര്യാലയപ്രതി.

നം.കെ.എസ്.എ.റ്റി.വി.എം/മിസ്.1/1219/2020 തീയതി:05.01.2021

# കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ 2017-18 വർഷത്തെ വാർഷിക കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്).

*****

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെപേരും ഉദ്യോഗപ്പേരും | ശ്രീ. എ.മുഹമ്മദ് നിസാർ,<br>(ജോയിന്റ് ഡയറക്ടർ) |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും | ശ്രീമതി.മേരി ആൻഡ്രൂസ്,<br>ഓഡിറ്റ് ഓഫീസർ.<br>ശ്രീമതി. ആശ. ജി.ആർ,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ.<br>ശ്രീമതി.അനിഷ.എസ്.ബി,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ.<br>ശ്രീ.കോസലരാമദാസ്.കെ,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ.<br>ശ്രീ.ജസ്റ്റിൻരാജ്.റ്റി.എസ്,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ.<br>ശ്രീ. രാജു.എസ്, ഓഡിറ്റർ.<br>കുമാരി.മെർലിൻ ജേക്കബ്ബ്, ഓഡിറ്റർ. |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 17-08-2020 മുതൽ 07-09-2020വരെ |

<u>നിർവ്വഹണാധികാരികൾ</u>

| സ്ഥാനപേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ടി.പി.ദാസൻ | 01-04-17 to 31-03-18 |
| സെക്രട്ടറി | ശ്രീ. സഞ്ജയ് കുമാർ, IFS | 01-04-17 to 31-03-18 |
| അസിസ്റ്റന്റ് സെക്രട്ടറി (ഭരണം) | ശ്രീമതി.വിജയലക്ഷ്മി | 01-04-17 to 31-03-18 |
| അസിസ്റ്റന്റ് സെക്രട്ടറി (അക്കൗണ്ടസ്) | ശ്രീ.രാജമോഹനൻ ബി. | 01-04-17 to 31-03-18 |

2017-18 വർഷത്തിലെ സ്ഥാപനത്തിന്റെ വരവു-ചെലവു രേഖകളും സംസ്ഥാന സർക്കാരിൽ നിന്നും ഗ്രാന്റിനത്തിൽ ലഭിച്ച തുകയുടെ വിനിയോഗവും പരിശോധിച്ചു. സ്ഥാപനത്തിൽ നിന്നും ലഭ്യമായ രേഖകളുടെയും, രജിസ്റ്ററുകളുടെയും, വിവരങ്ങളുടെയും, വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ടു തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നല്കിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവും ഉണ്ടായിരിക്കുന്നതല്ല.

## <u>ഭാഗം -1</u>

## <u>പൊതു അവലോകനം</u>

1-1 ആമുഖം

കേരള സ്പോർട്സ് ആക്ട് 2000, 2001ലെ 2-ാംആക്ട്, കേരള സ്പോർട്സ് ചട്ടങ്ങൾ 2008 എന്നിവ പ്രകാരം കായിക വിനോദങ്ങളുടെ പ്രോത്സാഹനത്തിനും, സംസ്ഥാനത്തെ കായിക വ്യക്തികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും കേരള സ്പോർട്സ് കൗൺസിൽ രൂപീകരിക്കപ്പെട്ടു. കേരള സ്പോർട്സ് കൗൺസിലിന്റെ നിയന്ത്രണത്തിനു കീഴിൽ 14 ജില്ലാ സ്പോർട്ട്സ് കൗൺസിലുകൾ പ്രവർത്തിക്കുന്നു. കൂടാതെ, 16 സ്കൂൾ സ്പോർട്ട്സ് ഹോസ്റ്റലുകൾ, 40 കോളേജ് സ്പോർട്ട്സ് ഹോസ്റ്റലുകൾ, 23 സെൻട്രൽ സ്പോർട്ട്സ് ഹോസ്റ്റലുകൾ എന്നിവയും പ്രവർത്തിക്കുന്നു. കേരള സ്പോർട്സ് ആക്ട് 2000 സെക്ഷൻ 39(1) പ്രകാരം കേരള സ്പോർട്സ് കൌൺസിൽ കൃത്യമായ കണക്കുകളും ബന്ധപ്പെട്ട രേഖകളും പരിപാലിക്കേണ്ടതും വരവ് ചെലവുകളും ബാലൻസ് ഷീറ്റും ഉൾപ്പെട്ട വാർഷിക കണക്കുകൾ (annual statement of accounts) തയ്യാറാക്കേണ്ടതും സെക്ഷൻ 39(2) പ്രകാരം വാർഷിക കണക്കുകൾ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ പരിശോധിച്ച് ഓഡിറ്റ് ചെയ്യേണ്ടതുമാണ്.

## 1-2 ആഭ്യന്തിര നിയന്ത്രണ സംവിധാനം

1)കാഷ്ബുക്ക്

കേരള ഫിനാൻഷ്യൽ കോഡ് ചട്ടങ്ങളിലെ നിബന്ധന (ജി.ഒ.(പി)നം.469/2005/ഫിൻ. തീയതി 28.10.2005 പ്രകാരം പരിഷ്കരിച്ചത്) പ്രകാരം ഒരു സ്ഥാപനത്തിന് ഒറ്റ കാഷ്ബുക്ക് മാത്രമേ പാടുള്ളൂ. എന്നാൽ സംസ്ഥാന സ്പോർട്സ് കൗൺസിലിൽ തനതു ഫണ്ട്, പ്ലാൻ, നോൺ-പ്ലാൻ അക്കൗണ്ടുകൾക്കായി വ്യത്യസ്ത ക്യാഷ് ബുക്കുകൾ ഉപയോഗിക്കുന്നു. ഒരു സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതി പ്രതിഫലിക്കുന്ന അടിസ്ഥാനവും അതിപ്രധാനവുമായ രേഖയാണ് കാഷ് ബുക്ക് എന്നിരിക്കെ ഒന്നിലധികം കാഷ്ബുക്കുകൾ സൂക്ഷിച്ചു വരുന്നത് സർക്കാർ ചട്ടങ്ങൾക്കു വിരുദ്ധമാണ്. ഇതു സംബന്ധിച്ച് 2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും പരാമർശിച്ചിരുന്നുവെങ്കിലും നിലവിലും പ്രസ്തുത അപാകത തുടർന്നു വരുന്നു. സ്ഥാപനത്തിൽ ദിനംപ്രതിയുള്ള എല്ലാ സാമ്പത്തിക ഇടപാടുകളും ഒറ്റ കാഷ്ബുക്കിൽ രേഖപ്പെടുത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. കാഷ്ബുക്ക് ദിവസാന്ത്യ/ മാസാന്ത്യ/വർഷാന്ത്യ ക്ലോസിംഗ് നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

മറ്റു രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ ഖ:3-6ൽ ചേർത്തിരിക്കുന്നു.

2) ചെക്കു മുഖാന്തിരം ലഭിക്കുന്ന വരവ് - വിശദാംശങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല

വിവിധ സ്ഥാപനങ്ങൾ/വ്യക്തികളിൽ നിന്ന് ലഭിക്കുന്ന ചെക്ക് മുഖാന്തിരമുള്ള വരവ് പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കാത്തതിനാൽ സ്ഥാപനത്തിന്റെ പേരിൽ ചെക്കായി ലഭിക്കുന്ന എല്ലാ വരവുകളും അക്കൗണ്ട് ചെയ്തിട്ടുണ്ടോയെന്ന് പരിശോധിക്കാനായിട്ടില്ല.

3)ജീവനക്കാരുടെ പി.എഫ് വിഹിതം- ചട്ടങ്ങൾ പാലിക്കുന്നില്ല

സ്ഥാപനത്തിലെ ജീവനക്കാരുടെ പി.എഫ് നിക്ഷേപം ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതായി അറിയിച്ചുവെങ്കിലും ഇത് സംബന്ധിച്ച ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പി.എഫ് അക്കൗണ്ടിന്റെ പരിപാലനം സുതാര്യമല്ല. പി.എഫ് വിവരങ്ങൾ രേഖപ്പെടുത്തി രജിസ്റ്റർ പരിപാലിക്കുന്നുണ്ട്. എന്നാൽ ജീവനക്കാർക്ക് വാർഷിക ക്രെഡിറ്റ് സ്റ്റേറ്റ്മെന്റ് നൽകുന്നില്ല. ജീവനക്കാരുടെ പി.എഫ്, എഫ്.ബി.എസ് എന്നിവ സ്ഥിരനിക്ഷേപങ്ങളാക്കിയിട്ടുണ്ട്. ഇതിനായി സ്ഥാപനം ബൈലോ തയ്യാറാക്കി സർക്കാർ അംഗീകാരം വാങ്ങുകയോ സ്ഥാപനത്തിന്റെ ചട്ടങ്ങളിൽ ഭേദഗതി വരുത്തുകയോ ചെയ്തിട്ടില്ല.

4) സർവ്വീസ് ബുക്ക് -അപാകതകൾ

ജീവനക്കാരുടെ ശമ്പള നിർണ്ണയ വിവരങ്ങൾ സേവന പുസ്തകത്തിൽ രേഖപ്പെടുത്തുന്നില്ല. സർവ്വീസ് ബുക്കുകൾ വർഷാന്ത്യ സർവ്വീസ് വെരിഫിക്കേഷൻ നടത്തുകയോ, ശമ്പള നിർണ്ണയം അംഗീകരിക്കുന്നതിനായി സംസ്ഥാന ഓഡിറ്റ് വകുപ്പിനു നല്കുകയോ ചെയ്തിട്ടില്ല. സേവന പുസ്തകങ്ങൾ സർവ്വീസ് വെരിഫിക്കേഷനും മറ്റാവശ്യമായ രേഖപ്പെടുത്തലുകളും നടത്തി ശമ്പള നിർണ്ണയ അംഗീകാരത്തിനായി സംസ്ഥാന ഓഡിറ്റ് വകുപ്പിലേക്ക് അയയ്ക്കേണ്ടതാണ്.

5) പെൻഷൻ കുടിശ്ശിക

2014 ശമ്പള നിർണ്ണയം നാളിതു വരെ നടപ്പാക്കിയിട്ടില്ല. ആയതിനാൽ 2014 മുതലുള്ള പെൻഷൻ കുടിശ്ശിക കണക്കാക്കി വിതരണം നടത്തുവാൻ അവശേഷിക്കുന്നു.

## 1-3 ധനകാര്യപത്രികയിലെ അപാകതകൾ

1. 2017-18 വർഷത്തെ ധനകാര്യപത്രിക പ്രകാരം (പ്ലാൻ ഫണ്ട് ) മുന്നിരിപ്പ് 7,77,81,623.83/- രൂപ ആണ്. എന്നാൽ 2016-17 ലെ ധനകാര്യപത്രിക, 2016-17 ലെ ഓഡിറ്റ് റിപ്പോർട്ട് എന്നിവ പ്രകാരം നീക്കിയിരിപ്പ് 5,51,89,488.20/-രൂപയാണ്. മുന്നിരിപ്പിലെ വ്യത്യാസം 22592135.63 /- രൂപ വിശദീകരിക്കപ്പെട്ടിട്ടില്ല.
2. കാഷ് ബുക്ക് (വിവിധ ഫണ്ടുകൾ ) പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
3. പ്ലാൻ അക്കൗണ്ട് (ട്രഷറി അക്കൗണ്ട് നം 701011400000253) പ്രകാരം നീക്കിയിരിപ്പ് 10,22,23,521/-ഉം ധനകാര്യപത്രിക പ്രകാരം നീക്കിയിരിപ്പ് 80,99,071/-ഉം ആണ്. എന്നാൽ റീകൺസിലിയേഷൻ പത്രിക പ്രകാരം ട്രഷറിയിലെ നീക്കിയിരിപ്പ് തുക 4,75,07,798/- ആണ്. ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

4. പ്ലാൻ ഫണ്ട് ധനകാര്യപത്രികയിലെ ട്രഷറി ടി.പി.എ 313 ന്റെ നീക്കിയിരിപ്പ് 18,68,134/-രൂപയാണ്. അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
5. പൈക്ക ബാങ്ക് സ്റ്റേറ്റ്മെന്റ് (അക്കൗണ്ട് നം 6711129391) ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.
6. സ്പോർട്സ് ലോട്ടറി (പ്ലാൻ അക്കൗണ്ട് ) ബാങ്ക് സ്റ്റേറ്റ്മെന്റ് (SBI അക്കൗണ്ട് നം 67023387642)പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
7. ജീവനക്കാരുടെ തൊഴിൽ നികുതിയിനത്തിൽ ലഭ്യമാക്കിയ രേഖകൾ പ്രകാരം അടവാക്കിയ തുക 450550/-രൂപ ആണ്. എന്നാൽ ധനകാര്യപത്രികയിൽ ആയത് 112450-രൂപ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.
8.സ്ഥാപനത്തിലെ സ്ഥിര നിക്ഷേപങ്ങളുടെ വിവരങ്ങൾ പൂർണ്ണമായി ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.
9. ഓഖി ലെഡ്ജർ പ്രകാരം ഓഖി വിഹിതമായി പ്ലാൻ അക്കൗണ്ടിൽ നിന്നും 64,355/-രൂപ പിൻവലിച്ച് തനത് ഫണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ വാർഷിക ധനകാര്യപത്രികയിൽ (പ്ലാൻ അക്കൗണ്ട് ) മേൽ വിവരം ഉൾപ്പെടുത്തിയിട്ടില്ല.
10. ധനകാര്യപത്രികയിൽ (പ്ലാൻ അക്കൗണ്ട്) Other Receipts (unexpected credit in BankA/c) പ്രകാരം വരവ് വച്ചിരിക്കുന്ന 350000/-രൂപ, Stale cheque reversed എന്നയിനത്തിലെ 2675050/-രൂപ എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.
മുകളിൽ പരാമർശിക്കുന്ന അപാകതകൾക്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-4 ബജറ്റ്

30.03.2017 ലെ ജനറൽ ബോഡി മീറ്റിംഗിൽ 2017-18ലെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. ആയത് പ്രകാരം പ്ലാൻ വിഹിതത്തിൽ നിന്നും 50,86,45,000/-രൂപയുടെയും, നോൺ-പ്ലാൻ വിഹിതത്തിൽ നിന്നും 22,62,00,000/-രൂപയുടെയും, കാഷ് അവാർഡിനത്തിൽ 1,50,00,000/-രൂപയുടെയും ചെലവ് പ്രതീക്ഷിച്ചിട്ടുണ്ട്.

കേരള സ്പോർട്സ് ആക്ട് 2000 ഖണ്ഡിക 38 പ്രകാരം ജില്ലാ സ്പോർട്സ് കൗൺസിലുകൾ ലഭ്യമാക്കുന്ന ബജറ്റിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സ്പോർട്സ് കൗൺസിൽ ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിലേയ്ക്ക് അയച്ചുകൊടുക്കേണ്ടതാണ്. എന്നാൽ ബജറ്റ് ഫയലിൽ ജില്ലാ സ്പോർട്സ് കൗൺസിലുകളിൽ നിന്നും ബജറ്റ് എസ്റ്റിമേറ്റുകൾ ലഭ്യമാക്കുകയോ ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുകയോ ചെയ്തിട്ടില്ല. ഭാവിയിൽ ചട്ടപ്രകാരം ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-5 സർക്കാരിൽ നിന്നുള്ള ധനസഹായം

2017-2018 വർഷം സംസ്ഥാന സർക്കാരിൽ നിന്നും പ്ലാൻ ഗ്രാന്റ് ഇനത്തിൽ 39,62,00,000-രൂപയും നോൺ പ്ലാൻ ഗ്രാന്റ് ഇനത്തിൽ 15,81,40,000/-രൂപയും ലഭിച്ചു.

(എ) 1. പദ്ധതി വരവ്

| ക്രമ നമ്പർ | ഉത്തരവ് നമ്പർ /തീയതി | തുക(രൂപ) |
|---|---|---|
| 1 | G.O.(Rt).No 101/2017/S&YA Dated 02-06-2017-H/A-35 | 1,90,50,000/- |
| 2 | G.O.(Rt).No 101/2017/S&YA Dated 02-06-2017-H/A-36 | 7,97,00,000/- |
| 3 | G.O.(Rt).No 138/2017/S&YA Dated 01-08-2017 | 2,00,00,000/- |
| 4 | G.O.(Rt).No 138/2017/S&YA Dated 01-08-2017 | 2,50,00,000/- |
| 5 | G.O.(Rt).No 239/2017/S&YA Dated 15-11-2017-H/A-35 | 1,90,50,000/- |
| 6 | G.O.(Rt).No 239/2017/S&YA Dated 15-11-2017-H/A-36 | 8,00,00,000/- |
| 7 | G.O.(Rt).No 35/2018/S&YA Dated 15-11-2017-H/A-36 | 5,43,50,000/- |
| 8 | G.O.(Rt).No 45/2018/S&YA Dated 26-03-2018-H/A-35 | 1,81,00,000/- |
| 9 | G.O.(Rt).No 45/2018/S&YA Dated 26-03-2018-H/A-36 | 8,09,50,000/- |
| ആകെ | | 39,62,00,000/- |

2. പദ്ധതിയേതര വരവ്

| ക്രമ നമ്പർ | ഉത്തരവ് നമ്പർ /തീയതി | തുക(രൂപ) |
|---|---|---|
| 1 | G.O.(Rt).No 89/2017/S&YA Dated 27-04-2017 | 3,95,35,000/- |
| 2 | G.O.(Rt).No 163/2017/S&YA Dated 29-08-2017 | 3,95,35,000/- |
| 3 | G.O.(Rt).No 231/2017/S&YA Dated 07-11-2017 | 3,95,35,000/- |
| 4 | G.O.(Rt).No 14/2018/S&YA Dated 06-02-2018 | 3,95,35,000/- |
| ആകെ | | 15,81,40,000/- |

3. മറ്റ് വരവുകൾ

| ക്രമ | വരവിനം | തുക(രൂപ) |
|---|---|---|

| നമ്പർ | | |
|---|---|---|
| 1 | രാഷ്ട്രീയ മാധ്യമിക് ശിക്ഷ അഭിയാൻ | 1,36,38,742/- |
| 2 | HATC മൂന്നാർ പ്രോജക്ട്സ് | 50,00,000/- |
| 3 | ജി.വി.രാജ സ്പോർട്സ് സ്കൂൾ - മൈലം, സ്പോർട്സ് ഡിവിഷൻ കണ്ണൂർ എന്നിവയിലേക്ക് സ്പോർട്സ് കിറ്റ് ഗ്രാന്റ്* | 20,48,056/- |

*2017-2018 വർഷത്തെ AFS പ്രകാരം ജി.വി.രാജ സ്പോർട്സ് സ്കൂൾ - മൈലം, സ്പോർട്സ് ഡിവിഷൻ കണ്ണൂർ എന്നിവയിലേക്ക് സ്പോർട്സ് കിറ്റ് ഗ്രാന്റ് വകയിൽ 20,48,056/- രൂപ ഡയറക്ടറേറ്റ് ഓഫ് സ്പോർട്സ് ആന്റ് യൂത്ത് അഫയേഴ്സ് (ഗവൺമെന്റ് ഓഫ് കേരള ) -ൽ നിന്ന് ലഭിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയുടെ വിശദാംശങ്ങൾ (ബാങ്ക് സ്റ്റേറ്റ്മെന്റ്, തുക ലഭിച്ചത് എന്ന്) ലഭ്യമാക്കിയില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (28/24.08.2020) മറുപടി നൽകിയിട്ടില്ല.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 രസീത് പരിശോധന- അപാകതകൾ

രസീത് ബുക്കുകളുടെ പരിശോധയിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1)രസീതുകൾക്ക് മാത്രമായി പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2)ലഭ്യമാക്കിയ സ്റ്റോക്ക് രജിസ്റ്ററിൽ രസീതു ബുക്കുകൾ സംബന്ധിച്ച വിവരങ്ങൾ പൂർണമല്ല (രസീത് നമ്പർ, കൈപ്പറ്റിയ ആളിന്റെ ഔദ്യോഗിക പദവി, ഉപയോഗശേഷം തിരിച്ച് ലഭിച്ച തീയതി).

3)സ്റ്റോക്ക് രജിസ്റ്ററിൽ രസീതു ബുക്കുകൾ നല്കിയിരിക്കുന്നത് ക്രമനമ്പർ പ്രകാരമല്ല.

4)എല്ലാ രസീതു ബുക്കുകളും സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

5)സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

6)രസീതു ബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല.

7)രസീത് ബുക്കിൽ ഡബിൾ സൈഡഡ് കാർബൺ ഉപയോഗിക്കുന്നില്ല.

8)സാമ്പത്തിക വർഷാവസാനം ഉപയോഗിക്കാതെ ശേഷിക്കുന്ന രസീതുകൾ ക്യാൻസൽ ചെയ്തിട്ടില്ല.

9)ക്യാൻസൽ ചെയ്ത രസീതുകൾ കാരണം എഴുതി സാക്ഷ്യപ്പെടുത്തുന്നില്ല.

<u>എ. ഡ്യൂപ്ലിക്കേറ്റ് രസീതിലെ തുകകൾ തിരുത്തൽ വരുത്തുന്നു</u>

പല രസീതുകളിലെയും തുകകൾ തിരുത്തൽ വരുത്തിയിട്ടുള്ളതായി കാണുന്നു. തിരുത്തിയ തുകകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ബുക്ക് നം. | രസീത് നം. | തീയതി | തുക | അപാകത |
|---|---|---|---|---|
| 135 | 13478 | 06/04/17 | 1300/- | തുക പിന്നീട് എഴുതി ചേർത്തിരിക്കുന്നു |
| 135 | 13488 | 06/04/17 | 1500/- | തുക പിന്നീട് എഴുതി ചേർത്തിരിക്കുന്നു |
| 135 | 13490 | 06/04/17 | 1300/- | തുക പിന്നീട് എഴുതി ചേർത്തിരിക്കുന്നു |
| 135 | 13499 | 07/04/17 | 1300/- | തുക പിന്നീട് എഴുതി ചേർത്തിരിക്കുന്നു |
| 138 | 13716 | 07/04/17 | 1500/- | തുക പിന്നീട് എഴുതി ചേർത്തിരിക്കുന്നു |
| 137 | 13617 | 04/04/17 | --- | 800/- എന്ന് എഴുതിയിരുന്നത് പിന്നീട് തിരുത്തി 700/- എന്നാക്കിയിരിക്കുന്നു. |

<u>ബി. പിരിച്ചെടുത്ത തുകകൾ നിയമാനുസൃത സമയത്ത് ബാങ്കിൽ അടയ്ക്കുന്നില്ല</u>

രസീത് പ്രകാരം പിരിച്ചെടുക്കുന്ന തുകകൾ അടുത്ത പ്രവർത്തി ദിവസം തന്നെ ബാങ്കിൽ അടയ്ക്കേണ്ടതാണ്. എന്നാൽ രസീതു പ്രകാരം പിരിക്കുന്ന തുകകൾ ബാങ്കിൽ അടയ്ക്കാതെ കൈവശം സൂക്ഷിക്കുന്നതും ഗണ്യമായ തുകയായ ശേഷം മാത്രം ബാങ്കിൽ അടയ്ക്കുകയും ചെയ്യുന്ന രീതിയാണ് തുടർന്നു വരുന്നത്. രസീതു പിരിവു തുക കൈവശം സൂക്ഷിക്കുന്നത് താല്കാലിക പണാപഹരണമാണ്. പിരിവിനു നിയോഗിച്ചിട്ടുള്ള വ്യക്തികൾ താല്കാലിക ജീവനക്കാരായിരിക്കെ പിരിവു തുകകൾ തൊട്ടടുത്ത പ്രവർത്തി ദിനം തന്നെ ബാങ്കിൽ നിക്ഷേപിക്കാതിരിക്കുന്നത് ചട്ട ലംഘനവും പണാപഹരണത്തിനു വഴിയൊരുക്കുകയും ചെയ്യുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| തുക ഈടാക്കിയ തീയതി | രസീത് നമ്പർ | തുക(രൂപ) | ബാങ്കിൽ അടച്ച തീയതി |
|---|---|---|---|
| 01/04/17 മുതൽ 04/04/2017 വരെ | 13554 മുതൽ 13629 വരെ | 66700/- | 07/04/17 |
| 05/04/17 | 13630 മുതൽ 13663 വരെ | 45500/- | 10/04/17 |
| 04/05/2017 മുതൽ 09/05/2017 വരെ | 14251 മുതൽ 14300 വരെ | 36900/- | 18/05/17 |
| 01/06/2017 മുതൽ 04/06/2017 വരെ | 14676 മുതൽ 14744 വരെ | 41200/- | 14/06/17 |
| 11/06/2017 മുതൽ 01/07/17 വരെ | 14825 മുതൽ 15000 വരെ | 77100/- | 06/07/17 |

ദിവസേനയുള്ള രസീതു പിരിവു തുകകൾ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ബാങ്കിൽ അടയ്ക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

<u>സി. കളക്ഷൻ വരവുകൾ തുക ഒടുക്കുവരുത്തിയില്ല – അടവിൽ കുറവ് 16070-രൂപ</u>

(1) താഴെപ്പറയുന്ന വരവുകൾ കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തി തുക ഒടുക്കുവരുത്തിയില്ല.

| ബുക്ക് നമ്പർ | രസീത് നമ്പർ/തീയതി | തുക |
|---|---|---|
| 143 | 14225/03.05.17 | 1300/- |
| 144 | 14362/10.05.17 | 700/- |
| 145 | 14454/14.05.17 | 12000/- |
| 175 | 17480/03.01.18 | 500/- |
| ആകെ | | 14500/- |

(2) തൻവർഷത്തെ തനതു ഫണ്ട രസീതു പിരിവ് പരിശോധിച്ചതിൽ താഴെപ്പറയുന്ന രസീതുകൾ പ്രകാരം പിരിച്ച തുക അടച്ചതിൽ കുറവു വന്നതായി കാണുന്നു.

| ക്രമ നമ്പർ | രസീതു നമ്പർ | വിശദാംശങ്ങൾ | തുക | കളക്ഷൻ രജിസ്റ്റർ/പാസ് ബുക്ക് പ്രകാരം അടച്ച തുക | വ്യത്യാസം |
|---|---|---|---|---|---|
| 1 | 4679/08.09.2017 | ജി.വി.രാജ ഇൻഡോർ സ്റ്റേഡിയം വാടക | 3750/- | 3150/- | 600/- |
| 2 | 4747/18.09.2017 | രജിസ്ട്രേഷൻ ഫീസ് | 950/- | 750/- | 200/- |

| | | | | | |
|---|---|---|---|---|---|
| | 4751/18.09.2017 | | | | |
| 3 | 4778/23.09.2017 | രജിസ്ട്രേഷൻ ഫീസ് | 200/- | അടച്ചിട്ടില്ല | 200/- |
| 4 | 5111/13.11.2017 | രജിസ്ട്രേഷൻ ഫീസ് | 200/- | 100/- | 100/- |
| 5 | 5301/08.12.2017 | ബാബു തോമസ് രജിസ്ട്രേഷൻ ഫീസ് RTI | 120/- | ക്യാൻസൽ എന്ന രേഖപ്പെടുത്തൽ | 120/-* |
| 6 | 5595/03.02.2018 5599/03.02.2018 | രജിസ്ട്രേഷൻ ഫീസ് | 950/- | 800/- | 150/- |
| 7 | 6200/31.03.2018 | രജിസ്ട്രേഷൻ ഫീസ് | 200/- | - | 200/- |
| | | ആകെ | | | 1570/- |

* രസീതു പ്രകാരം പണം പിരിച്ചുണ്ടെങ്കിലും അടവ് വന്നിട്ടില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (48/07.09.2020) മറുപടി ലഭിച്ചിട്ടില്ല.

കേരള ഫിനാൻഷ്യൽ കോഡ്(വാല്യം 1) ആർട്ടിക്കിൾ 7(2) പ്രകാരം ദിവസേനയുള്ള കളക്ഷൻ തൊട്ടടുത്ത പ്രവർത്തി ദിവസം തന്നെ ഒടുക്കേണ്ടതാണ്.

ഇപ്രകാരം കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തി തുക ഒടുക്കുവരുത്താത്ത 14500/- രൂപയും അടവാക്കിയതിൽ കുറവ് വന്ന 1570/- രൂപയും ചേർത്ത് ആകെ തുക 16070/- രൂപ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തിരികെ അടച്ച് വിവരം അറിയിക്കേണ്ടതാണ്. മേൽ അപാകതകൾ വരും വർഷങ്ങളിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഡി) <u>ഓഫീസ് കളക്ഷൻ തുക ഒടുക്കിയതിൽ കുറവ്</u>

ഓഫീസ് കളക്ഷൻ രജിസ്റ്റർ പ്രകാരം രസീത് നമ്പർ 4671/7.9.17 മുതൽ 4684/8.9.17 വരെ 29400/- രൂപ വരവുണ്ട്. എന്നാൽ 11.9.17 ൽ 25000/- മാത്രമാണ് ബാങ്കിൽ അടച്ചിട്ടുള്ളത്. ഇതിൽ തന്നെ 4679/8.9.17 പ്രകാരം 3750/- രൂപയാണ് പിരിച്ചെടുത്തതെങ്കിലും കളക്ഷൻ രജിസ്റ്ററിൽ 3150/-രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇത്തരത്തിൽ ഈ ദിവസത്തെ ഒടുക്കിൽ 5000/- (4400+600) രൂപയുടെ കുറവ് സംഭവിച്ചിട്ടുണ്ട്. ഈ അപാകതകൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (45/27.08.2020) മറുപടി നല്കിയില്ല.

ഓഫീസ് കളക്ഷൻ രജിസ്റ്റർ പ്രകാരം രസീത് നമ്പർ 4671/ 7.9.17 മുതൽ 4684/8.9.17 വരെയുള്ള തുക 29400/- രൂപ ഒടുക്കിയതിൽ കുറവു വന്ന5000/- രൂപ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തിരികെ അടച്ച് വിവരം അറിയിക്കേണ്ടതാണ്. മേൽ അപാകതകൾ വരും വർഷങ്ങളിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഇ) <u>പിരപ്പൻകോട് സ്വിമ്മിംഗ് പൂൾ, ഓഫീസ് കളക്ഷൻ (സെൻട്രൽ സ്റ്റേഡിയം, ജി.വി. രാജ ഇൻഡോർ സ്റ്റേഡിയം, കോഫി ഹൗസ്) എന്നിവിടങ്ങളിൽ നിന്നുള്ള വരവ് കൃത്യമായി സൂക്ഷിക്കുന്നില്ല.</u>

പിരപ്പൻകോട് സ്വിമ്മിംഗ് പൂൾ, ഓഫീസ് കളക്ഷൻ (സെൻട്രൽ സ്റ്റേഡിയം, ജി.വി. രാജ ഇൻഡോർ സ്റ്റേഡിയം, കോഫി ഹൗസ്) എന്നിവിടങ്ങളിൽ നിന്നും സ്ഥാപനത്തിന് ദൈനംദിന വരവുണ്ട്. എന്നാൽ വരവ് ചെലവുകൾ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. ആയതിനാൽ സ്ഥാപനത്തിന് ഈ ഇനങ്ങളിൽ നിന്നും ലഭിക്കുന്ന വരവ് കൃത്യമായി ബാങ്ക് അക്കൗണ്ടിലെത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കാനായില്ല. സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള പിരപ്പൻകോട് സ്വിമ്മിംഗ് പൂളിൽ നിന്നുള്ള വരവിനായി രസീത് ബുക്കുകൾ നൽകിയിരിക്കുന്നത് താല്ക്കാലിക ജിവനക്കാരുടെ പേരിലാണ്. (ശ്രീ.ഷാജു. ശ്രീ.ആർ.എസ്.വിനോദ്). പിരപ്പൻകോട് സ്വിമ്മിംഗ് പൂളിന്റെ അഡ്മിഷൻ ഫീ നിരക്ക്, അഡ്മിഷൻ ഫീസിന്റെ ഇനങ്ങൾ, രസീത് കളക്ഷൻ ഒടുക്കു വരുത്തൽ, രസീത് ബുക്കുകൾ സ്പോർട്സ് കൗൺസിലിൽ നിന്നും സ്വീകരിക്കൽ, തിരികെ നൽകൽ, പ്രസ്തുത രസീതു ബുക്കുകൾ കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തൽ എന്നിവ എപ്രകാരമാണ് എന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (32/25.08.2020) മറുപടി നൽകിയില്ല.

GV Raja Indoor Stadium വരവിനായി പ്രത്യേകം കളക്ഷൻ രജിസ്റ്റർ പരിപാലിക്കുന്നുണ്ടെങ്കിലും ക്യാഷ് ബുക്കിന്റെ അഭാവത്തിൽ ഈ ഇനത്തിൽ വന്ന വരവ് കൃത്യമായി ബാങ്കിൽ വന്നിട്ടുണ്ടെന്ന് ഉറപ്പാക്കാനായില്ല.(9.11.2017 മുതൽ 15.11.2017 വരെയുള്ള തീയതികളിൽ Rs 4350/- രൂപയുടെ വരവും, 15.3.18 മുതൽ 19.3.18 വരെ Rs2750/- രൂപയുടെ വരവും അക്കൗണ്ടിൽ വന്നതിന്റെ വിശദാംശം ലഭ്യമാക്കിയില്ല.) ഈ അപാകതകൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (45/27.8.2020) മറുപടി നൽകിയില്ല. കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ആർട്ടിക്കിൾ 7(2) പ്രകാരം ദിവസേനയുള്ള കളക്ഷൻ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ഒടുക്കേണ്ടതാണ്.

കേരള ട്രഷറി കോഡ് (വാല്യം 1) ആർട്ടിക്കിൾ 90(ബി) പ്രകാരം പണം സ്വീകരിക്കുന്നതിനായി നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥൻ തങ്ങൾക്ക് ലഭ്യമാകുന്ന രസീതു ബുക്കുകളുടെ അക്കൗണ്ട് സൂക്ഷിക്കേണ്ടതാണ്. ഓരോ രസീതു ബുക്കിലേയും ഫോറങ്ങളുടെ എണ്ണം സൂക്ഷ്മമായി പരിശോധിക്കേണ്ടതും ഫ്ളൈ- ലീഫിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തേണ്ടതുമാണ്. രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്ററിൽ പുസ്തകം ഉപയോഗിക്കുവാൻ തുടങ്ങിയ തീയതി, ഉപയോഗം പൂർത്തീകരിച്ച തീയതി എന്നിവ

രേഖപ്പെടുത്തേണ്ടതാണ്. ലഭ്യമായതും വിതരണം ചെയ്തതുമായ പുസ്തകങ്ങളുടെ എണ്ണം സൂചിപ്പിക്കുന്ന സ്റ്റോക്ക് അക്കൗണ്ട് സൂക്ഷിക്കേണ്ടതാണ്.ക്യാൻസൽ ചെയ്ത രസീതുകളിൽ സെക്രട്ടറിയുടെ ഒപ്പ് ഉണ്ടാകേണ്ടതാണ്.

മേൽ അപാതകതകൾ പരിഹരിച്ച് പിരപ്പൻകോട് സ്വിമ്മിഗ് പൂൾ, ഓഫീസ് കളക്ഷൻ (സെൻട്രൽ സ്റ്റേഡിയം, ജി.വി. രാജ ഇൻഡോർ സ്റ്റേഡിയം, കോഫി ഹൗസ്) എന്നിവിടങ്ങളിൽ നിന്നുള്ള വരവിന്റെ കൃത്യത ഓഡിറ്റിനെ എത്രയും വേഗം ബോധ്യപ്പെടുത്തേണ്ടതാണ്.
രസീത് ബുക്കുകളുടെ പരിപാലനത്തിൽ സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല. 15.3.18 ലെ അഡ്മിനിസ്ട്രേറ്റീവ് ബോഡി തീരുമാന പ്രകാരം (8) വിവിധ സ്റ്റേഡിയം, സ്വിമ്മിംഗ് പൂൾ എന്നിവിടങ്ങളിൽ നിന്നും വരവ് ലഭിക്കുന്ന ഈ സ്ഥാപനത്തിലെ രസീത് ബുക്കുകൾ, ചെക്ക് ബുക്ക് എന്നിവ പരിപാലിക്കുന്നത് സർക്കാർ അംഗീകാരമില്ലാതെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിരിക്കുന്ന ഉദ്യോഗസ്ഥയാണ്. കേരള ട്രഷറികോഡ് ആർട്ടിക്കിൾ 88 പ്രകാരം സർക്കാരിലേക്കുള്ള തുക സർക്കാർ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ സ്വീകരിക്കണമെന്ന് നിർദ്ദേശമുണ്ടായിരിക്കേ സർക്കാർ ഗ്രാന്റോടെ പ്രവർക്കുന്ന ഈ സ്ഥാപനത്തിലെ രസീത് ബുക്കുകൾ, ചെക്ക് ബുക്കുകൾ തുടങ്ങിയവ സൂക്ഷിക്കുന്നതിലേക്കായും സ്ഥാപനത്തിനുവേണ്ടി രസീത് പിരിക്കുന്നതിനായും കരാർ ജീവനക്കാരെ ഏല്പിക്കുന്നത് ശരിയായ പ്രവണതയല്ല. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 8 പ്രകാരം സാമ്പത്തിക ഇടപാടുകളിലുണ്ടാകുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദിയായ ഉദ്യോഗസ്ഥൻ സർക്കാർ/ സ്ഥാപനത്തിനുണ്ടാകുന്ന നഷ്ടം നികത്തണമെന്നിരിക്കെ ഇത്തരം ചുമതലകൾ സ്ഥിരം ജീവനക്കാർക്ക് നൽകുന്നതാണ് ഉചിതം.

## 2-2 ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കിയത്- അപാകതകൾ

സംസ്ഥാന സ്പോർട്സ് കൗൺസിലിലെയും ജില്ലാ സ്പോർട്സ് കൗൺസിലുകളിലെയും ജീവനക്കാരുടെ പേരുവിവരങ്ങളും പ്രസ്തുത ജീവനക്കാരുടെ രണ്ടു അർദ്ധവർഷങ്ങളിലും തൊഴിൽ നികുതി ഒടുക്കിയതിന്റെ വിശദാംശങ്ങളും തൊഴിൽ നികുതി രജിസ്റ്ററും പരിശോധനയ്ക്കു ലഭ്യമാക്കിയില്ല.

ലഭ്യമാക്കിയ രേഖകൾ പ്രകാരം 2017-2018 സാമ്പത്തിക വർഷം തൊഴിൽ നികുതി ഇനത്തിൽ ഒടുക്കിയ തുക 4,50,550/-രൂപ ആണ്. എന്നാൽ AFS പ്രകാരം തൊഴിൽ നികുതി ഇനത്തിൽ ഒടുക്കിയ തുക 1,12,450/-രൂപ ആണ്. പ്രസ്തുത തുകകളിലുള്ള വ്യത്യാസത്തിനു കാരണം വിശദമാക്കിയില്ല. വാർഷിക കണക്കുകൾ പ്രകാരമുള്ള 1,12,450/-രൂപയിൽ 5750/-രൂപ തനതു ഫണ്ടിൽ നിന്നും 106700/-രൂപ പ്ലാൻ ഫണ്ടിൽ നിന്നും ആണ്. ഇപ്രകാരം പ്ലാൻ ഫണ്ടിൽ നിന്നും തുക വകമാറ്റി ചിലവഴിച്ച അപാകതയ്ക്ക് വിശദീകരണം നൽകിയില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (22/24.08.2020) മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവം മൂലം തൊഴിൽ നികുതി ഒടുക്കിയതിലെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

സംസ്ഥാന സ്പോർട്സ് കൗൺസിലിലെയും ജില്ലാ സ്പോർട്സ് കൗൺസിലിലെയും ജീവനക്കാരുടെ പേരുവിവരങ്ങളും പ്രസ്തുത ജീവനക്കാരുടെ രണ്ടു അർദ്ധവർഷങ്ങളിലും തൊഴിൽ നികുതി ഒടുക്കിയതിന്റെ വിശദാംശങ്ങളും കൃത്യമായി തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും തൊഴിൽ നികുതി റിട്ടേണുകൾ കൃത്യമായി ഫയൽ ചെയ്ത് സൂക്ഷിക്കേണ്ടതുമാണ്.

## 2-3 വാടക തുക ഒടുക്കുന്നതിൽ കാലതാമസം-പിഴപ്പലിശ ഈടാക്കിയില്ല

കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ ഉടമസ്ഥതയിൽ ആറ്റിങ്ങലിൽ സ്ഥിതി ചെയ്യുന്ന ശ്രീപാദം സ്റ്റേഡിയത്തിലെ കടമുറികളുടെ പ്രതിമാസ വാടക ഒടുക്കുന്നതിന് കാലതാമസമുണ്ടായിട്ടും പിഴപ്പലിശ ഈടാക്കിയിട്ടില്ല. ഇക്കാരണത്താൽ തനതു വരുമാനം ലഭിക്കുന്നതിൽ കുറവും കാലവിളംബവും സംഭവിക്കുന്നു. കൂടാതെ 2017 ആഗസ്റ്റ് മാസം മുതൽ ജി.എസ്.ടി ഈടാക്കാത്തതിനാൽ സർക്കാരിനും വരുമാന നഷ്ടമുണ്ടാകുന്നു.
ശ്രീപാദം സ്റ്റേഡിയത്തിലെ 9 കടമുറികളാണ് പ്രതിമാസ വാടകയ്ക്കായി ലേലം ചെയ്തു കൊടുത്തിട്ടുള്ളത്. മൂന്നു വർഷമാണ് വാടക കാലാവധി. 1 മുതൽ 6 വരെയുള്ള കടമുറികൾ സ്വകാര്യ വ്യക്തികൾക്കും 7 മുതൽ 9 വരെയുള്ള കടമുറികൾ സപ്ലൈകോയ്ക്കുമാണ് വാടകയ്ക്കു നൽകിയിട്ടുള്ളത്. 1, 2, 3 എന്നീ കടമുറികൾ വാടകയ്ക്കെടുത്ത വ്യക്തികളാണ് യഥാസമയം വാടക ഒടുക്കുന്നതിൽ വീഴ്ചവരുത്തിയിട്ടുള്ളത്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഷോപ്പ്നം. 01<br>വാടകയ്ക്കെടുത്ത വ്യക്തിയുടെ പേര്: ശ്രീ. അനസ്. ഇ<br>പ്രതിമാസ വാടക തുക: 9100/-രൂപ + 15% സർവ്വീസ് ചാർജ് | | |
|---|---|---|
| മാസം | ഒടുക്കിയ തീയതി | തുക (രൂപ) |
| ഏപ്രിൽ 2017 | 07.04.2017 | 10465 |
| മെയ് 2017<br>ജൂൺ 2017 | 13.06.2017 | 20930 |
| ജൂലൈ 2017 | 24.07.2017 | 10465 |
| ആഗസ്റ്റ് 2017<br>സെപ്തംബർ 2017 | 05.10.2017 | 9100X3=27300 |

| | | |
|---|---|---|
| ഒക്ടോബർ 2017 | | |
| നവംബർ 2017 | 13.12.2017 | 9100X2=18200 |
| ഡിസംബർ 2017 | | |
| ജനുവരി 2018 | 05.03.2018 | 9100X2=18200 |
| ഫെബ്രുവരി 2018 | | |
| മാർച്ച് 2018 | 17.03.2018 | 9100 |
| ഷോപ്പ്നം. 02<br><br>വാടകയ്ക്കെടുത്ത വ്യക്തിയുടെ പേര്: ശ്രീ. നസീർ എ കരീം<br><br>പ്രതിമാസ വാടക തുക: 7000/-രൂപ + 15% സർവ്വീസ് ചാർജ് | | |
| മാർച്ച്,ഏപ്രിൽ 2017 | 05.04.2017 | 16100 |
| മെയ് 2017 | ------- | 8050 |
| ജൂൺ 2017 | 13.06.2017 | 8050 |
| ജൂലൈ 2017 | 12.07.2017 | 8050 |
| ആഗസ്റ്റ് 2017 | 09.08.2017 | 7000 |
| സെപ്തംബർ 2017 | 13.09.2017 | 7000 |
| ഒക്ടോബർ 2017 | 24.10.2017 | 7000 |
| നവംബർ 2017 | 22.11.2017 | 7000 |
| ഡിസംബർ 2017 | 09.02.2018 | 7000 |
| ജനുവരി 2018 | 14.03.2018 | 7000X2=14000 |
| ഫെബ്രുവരി 2018 | | |
| മാർച്ച് 2018 | 27.04.2018 | 7000 |
| ഷോപ്പ്നം. 03<br><br>വാടകയ്ക്കെടുത്ത വ്യക്തിയുടെ പേര്: ശ്രീമതി. ജി.സുധർമ്മ<br><br>പ്രതിമാസ വാടക തുക: 6250/-രൂപ + 15% സർവ്വീസ് ചാർജ് | | |
| ഏപ്രിൽ 2017 | 04.04.2017 | 7188 |
| മെയ് 2017 | 08.05.2017 | 7188 |
| ജൂൺ 2017 | 24.06.2017 | 7188 |
| ജൂലൈ 2017 | 27.07.2017 | 7188X2=14376 |
| ആഗസ്റ്റ് 2017 | | |
| സെപ്തംബർ 2017 | 22.09.2017 | 7100 |
| ഒക്ടോബർ 2017 | 24.10.2017 | 4462 |
| നവംബർ 2017 | 22.04.2017 | 6250 |
| ഡിസംബർ 2017 | | |
| ജനുവരി 2018 | 27.02.2018 | 6250X3=18750 |
| ഫെബ്രുവരി 2018 | | |
| മാർച്ച് 2018 | | |
| ഏപ്രിൽ 2018 | 12.07.2018 | 6250X4=25000 |
| മെയ് 2018 | | |
| ജൂൺ 2018 | | |

ഒക്ടോബർ 2017 ലെ വാടകയിൽ നിന്നും 1788/-രൂപ സർവ്വീസ് ചാർജ് റീഫണ്ട് ചെയ്തതായി വാടക രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല. യാതൊരു മാനദണ്ഡവുമില്ലാതെ വാടക പിരിച്ചെടുക്കുന്നത് തികച്ചും നിരുത്തരവാദപരമായ നടപടിയാണ്. വാടക കരാറുകളൊന്നും തന്നെ ഓഡിറ്റിനു ലഭ്യമാക്കിയില്ല. ആയതിനാൽ അതതു മാസത്തെ വാടക ഒടുക്കേണ്ട നിശ്ചിത തീയതി ഉൾപ്പെടെയുള്ള വിവരങ്ങൾ അറിയുവാൻ സാധിച്ചിട്ടില്ല. ഇതു സംബന്ധിച്ച് 35/ 25.08.2020നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയോ ഉപോദ്ബലകമായ രേഖകളോ ലഭ്യമാക്കിയിട്ടില്ല.

യഥാസമയം വാടക ഒടുക്കാത്ത സംഗതികളിൽ ആയതിനുണ്ടായ കാലതാമസം കണക്കാക്കി ആനുപാതികമായമായ പിഴപ്പലിശയും ജി.എസ്.ടിയും അടിയന്തിരമായി ഈടാക്കി തനതു ഫണ്ടിൽ മുതൽക്കൂട്ടാത്തപക്ഷം വരുമാനത്തിലും ടാക്സ് ഇനത്തിലുമുണ്ടായ നഷ്ടത്തിന്റെ ബാദ്ധ്യത ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമായിരിക്കും.

## 2-4 ഓഖി ഫണ്ട്- അപാകതകൾ

(എ) ലെഡ്ജർ പ്രകാരമുള്ള വരവ് തനത് ഫണ്ടിൽ ലഭിച്ചിട്ടില്ല. നഷ്ടം 13000/- രൂപ

ഓഖി ഫണ്ടിന്റെ ലെഡ്ജർ ബുക്ക് പ്രകാരം 2017-18 വർഷത്തെ ആകെ വരവ് 6,27,201/- ആണ്. എന്നാൽ ഓഖി ഫണ്ട് വരവ് വച്ചിരിക്കുന്ന (സിൻഡിക്കേറ്റ് ബാങ്ക്) തനത് ഫണ്ട് അക്കൗണ്ടിൽ ചുവടെ ചേർക്കുന്ന തുകകൾ ക്രെഡിറ്റ് ആയിട്ടില്ല.

| തീയതി | രസീത് നം / തുക നൽകിയ സ്ഥാപനം | തുക |
|---|---|---|
| 14/3/2018 | 5861 DSC Kasargod | 2000 |
| 17/03/2018 | 5909 Mountanary Assn | 1000 |
| 27/03/2018 | 6103 Tug of War | 5000 |
| 27/03/2018 | 6102 Kerala Rowing Association | 5000 |
| | ആകെ | 13000/- |

മേൽ തുക 13,000/-രൂപ വരവ് വച്ചതിന്റെ വിശദാംശങ്ങൾ , കാഷ് ബുക്ക് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. തുക തനത് ഫണ്ടിൽ അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ബി) ഓഖി വിഹിതം നൽകിയത്- അപാകതകൾ

ലെഡ്ജർ ബുക്ക് പ്രകാരം തനത് ഫണ്ടിൽ നിന്നും 7,40,566/-രൂപ ചെക്ക് നം 5235/27.03.2018 മുഖേന പിൻവലിച്ച് ഓഖി ഫണ്ടിലേയ്ക്ക് ( അക്കൗണ്ട് നം. 67319948232 ) നൽകിയിട്ടുണ്ട്. ഓഖി വിഹിതമായി 740566/- രൂപ നൽകുന്നതിനുള്ള കമ്മിറ്റി തീരുമാനമോ തുക നൽകിയശേഷം പ്രസ്തുത ചെലവ് അംഗീകരിച്ചുകൊണ്ടുള്ള തീരുമാനമോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. നോൺ-പ്ലാൻ അക്കൗണ്ടിൽ നിന്നും 3,01,026/-രൂപയും പ്ലാൻ അക്കൗണ്ടിൽ നിന്നും 64,355/-രൂപയും പിൻവലിച്ച് ആകെ 3,65,381/-രൂപ തനത് ഫണ്ടിലേയ്ക്ക് വരവ് വയ്ക്കുകയും ചെയ്തിട്ടുണ്ട് (വിവിധ ലെഡ്ജറുകൾ പ്രകാരം). ഇപ്രകാരം പ്ലാൻ , നോൺപ്ലാൻ അക്കൗണ്ടുകളിൽ നിന്നും തുക പിൻവലിച്ചതിന്റെയോ തുക തനത് ഫണ്ടിലേയ്ക്ക് വരവ് വച്ചതിനാധാരമായ കമ്മറ്റി തീരുമാത്തിന്റെയോ വിശദാംശം ലഭ്യമാക്കിയിട്ടില്ല. കൂടാതെ പ്ലാൻ അക്കൗണ്ടിൽ നിന്നും തനത് ഫണ്ടിലേയ്ക്ക് തുക ക്രമീകരിച്ചതിന്റെ വിവരം ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല. അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.42/26.08.2020) മറുപടി ലഭ്യമാക്കിയിട്ടില്ല.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ടി.എ/ ഡി എ- സീലിംഗ് അധികരിച്ച് തുക അനുവദിച്ചു-

06.01.2016 ലെ കേരള സ്പോർട്സ് കൗൺസിൽ ജനറൽ ബോഡി യോഗമിനിട്സ് പ്രകാരം കേരള സ്പോർട്സ് കൗൺസിൽ അഡ്മിനിസ്ട്രേറ്റീവ് ബോർഡ് അംഗങ്ങൾ, കൗൺസിൽ അംഗങ്ങൾ എന്നിവർക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ യോഗങ്ങളിലും , ഒബ്സർവേറ്റർമാരായി പങ്കെടുക്കേണ്ടി വരുമ്പോഴും കേരള സർവീസ് ചട്ടങ്ങൾ (ടി എ റൂൾസ്) പ്രകാരമുള്ള ടി.എ. സീലിംഗ് പരിധി കഴിയുന്നതിനാൽ കേരള സർവീസ് ചട്ടങ്ങൾ (ടി.എ. റൂൾസ്") പ്രകാരമുള്ള ടി.എ/ഡി.എ സീലിംഗിൽ നിന്നും മേൽപ്പറഞ്ഞ അംഗങ്ങളെ ഒഴിവാക്കുന്നതിന് തീരുമാനിച്ചിരിക്കുന്നു. എന്നാൽ പ്രസ്തുത തീരുമാനം നടപ്പാക്കുന്നതിന് സർക്കാർ അനുമതി ലഭ്യമാക്കിയിട്ടില്ല.

കേരള സ്പോർട്സ് കൗൺസിൽ ചട്ടങ്ങൾ, ചട്ടം 45 പ്രകാരം മേൽ പരാമർശിച്ച അംഗങ്ങൾക്ക് സംസ്ഥാന സർക്കാരിലെ ക്ലാസ്I ഉദ്യോഗസ്ഥന് അനുവദനീയമായ നിരക്കിലുള്ള യാത്രാബത്തയും ദിനബത്തയും അനുവദനീയമാണ്. 09.09.2016 ലെ ജി.ഒ (പി) നം 137/2016 ഫിൻ പ്രകാരം അനുവദിച്ചിട്ടുള്ള പരിധിയെ അധികരിച്ച് സ്പോർട്സ് കൗൺസിലിലെ ചുവടെ ചേർത്തിരിക്കുന്ന അംഗങ്ങൾക്ക് ടി.എ. നൽകിയിരിക്കുന്നു.

| പേര്/തസ്തിക | തുക നൽകിയ മാസം | ടി.എ ഇനത്തിൽ നൽകിയ തുക | അനുവദനീയ മായത് (പ്രതിമാസം) | അധികം നൽകിയ തുക | ചെക്ക് നം / തീയതി |
|---|---|---|---|---|---|
| എം.ആർ. രഞ്ജിത്ത് | ഏപ്രിൽ 2017 | 6452 | 4900 | 1552 | 839965/12.04.17 |
| | | | | | 840023/27.04.17 |
| (അഡ്മിനിസ്ട്രേറ്റീവ് ബോഡി അംഗം ) | മെയ് 2017 | 24208 | 4900 | 19308 | 839788/5.5.19 |
| | | | | | 839796/5.5.17 |
| | | | | | 839804/10.05.17 |
| | | | | | 839820/18.05.17 |

| | | | | | |
|---|---|---|---|---|---|
| | | | | | 41588/31.05.17 |
| | ജൂലൈ 2017 | 11508 | 4900 | 6608 | 41671/6.7.17<br>42185/14.07.17<br>42193/26.07.17<br>42202/31.07.17 |
| | ഡിസംബർ 2017 | 17310 | 4900 | 12410 | 40926/1.12.17<br>40954/15.12.17<br>40964/29.12.17<br>41010/25.01.18<br>641052/... |
| ഒ. കെ. വിനീഷ് (അഡ്മിനിസ്ട്രേറ്റീവ് ബോഡി അംഗം) | ഏപ്രിൽ 2017 | 11080 | 4900 | 6180 | 839966/12.04.17<br>840022/27.04.17<br>840022/27.04.17 |
| | മെയ് 2017 | 18630 | 4900 | 13730 | 839789/5.5.17<br>839814/17.05.17<br>839822/18.05.17<br>041587/31.05.17 |
| | ജൂലൈ 2017 | 5842 | 4900 | 942 | 42184/14.07.17<br>42190/26.07.17 |
| | ഓഗസ്റ്റ് 2017 | 11080 | 4900 | 6180 | 186493/09.08.17<br>186527/23.08.17<br>42250/24.08.17 |
| | സെപ്റ്റംബർ 2017 | 13510 | 4900 | 8610 | 198136,37/19.09.17<br>198164/27.09.17 |
| | നവംബർ 2017 | 6222 | 4900 | 1322 | 040889/3.11.17 |
| | ഡിസംബർ 2017 | 14640 | 4900 | 9740 | 40927/1.12.17<br>40965/29.12.17<br>40967/29.12.17 |
| ആകെ | | | | 86582 | |

മേൽ വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം 24/24.08.2020) നൽകി മറുപടി ഇപ്രകാരമാണ്.

"KSSC അംഗങ്ങളെ ടി.എ സീലിംഗിൽ നിന്നും ഒഴിവാക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. പ്രസ്തുത തീരുമാനം കെ.എസ് ആറിന് വിരുദ്ധമാണെങ്കിലും KSSC ഒരു Statutory സ്ഥാപനം ആയതിനാൽ സ്ഥാപനങ്ങളിലെ ഭരണസംബന്ധമായ വിഷയങ്ങളിൽ അഡ്മിനിസ്ട്രേറ്റീവ് ബോർഡിന്റെ തീരുമാനപ്രകാരം കാര്യങ്ങൾ നടപ്പിലാക്കാവുന്നതാണെന്ന അനുമാനത്തിൽ തീരുമാനങ്ങൾ പണ്ടുമുതലേ എല്ലാ കാര്യങ്ങളിലും പിൻതുടർന്ന് വരുന്നുണ്ട്. ഇക്കാര്യത്തിൽ സാധൂകരണത്തിനായും അതോടൊപ്പം ആവശ്യമായ ഭേദഗതികൾക്കായും സർക്കാരിനെ സമീപിക്കുന്നതാണ്."

കേരളാ സ്പോർട്സ് ചട്ടങ്ങൾ,2008, ചട്ടം 22(4) പ്രകാരം കൗൺസിലിലെ ജീവനക്കാരുടെ നിയമനം, അവരുടെ സേവന വേതന വ്യവസ്ഥകൾ എന്നിവ കെ.എസ്.ആർ. റൂൾ പ്രകാരമായിരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ സ്ഥാപനത്തിന്റെ സ്പെഷ്യൽ റൂൾസിന് നാളിതുവരെ സർക്കാർ അംഗീകാരം ലഭ്യമായിട്ടില്ല. മേൽക്കാരണങ്ങളാൽ സർക്കാർ നിർദ്ദേശത്തെ അധികരിച്ച് ടി.എ. നൽകിയിരിക്കുന്നത് ക്രമപ്രകാരമല്ല. 2017-18 വർഷം നടത്തിയ യാത്രകൾക്ക് 2017ൽ വാങ്ങിയ ടി.എയ്ക്ക് നാളിതുവരെ സർക്കാർ അനുമതി വാങ്ങുന്നതിനോ ചെലവ് സാധൂകരിക്കുന്നതിനോ യാതൊരു നടപടിയും നാളിതുവരെ സ്വീകരിച്ചിട്ടില്ല. സർക്കാർ ചട്ടങ്ങൾക്കു വിരുദ്ധമായും സർക്കാർ അനുമതിയില്ലാതെയും സർക്കാർ ഫണ്ട് ചെലവഴിക്കുന്നത് ക്രമവിരുദ്ധമാണ്. സർക്കാർ ചട്ടങ്ങൾക്കു വിരുദ്ധമായി അധികമായി നൽകിയ തുക തിരികെ ഈടാക്കി ഫണ്ടിൽ കൂട്ടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-2 ഫിഫ അണ്ടർ-17 വേൾഡ് കപ്പ്- സർവീസ് പ്രോവൈഡറെ നിയമിച്ചതിലെ അപാകതകൾ-

എ) കേരള സ്പോർട്സ് കൗൺസിലിന്റെ അഡ്മിനിസ്ട്രേറ്റീവ് ബോർഡ് 23/09/2017-ൽ കൂടിയ മീറ്റിംഗ് പ്രകാരം ഫിഫ അണ്ടർ-17 വേൾഡ് കപ്പ് മത്സരങ്ങളുടെയും അതിനോടനുബന്ധിച്ചുള്ള പരിപാടികളുടെയും വിപുലമായ പ്രചരണത്തിന് പബ്ലിക്ക് റിലേഷൻസ്

പ്രോവൈഡറായി മെസ്സേഴ്സ് ഗ്രീൻ ഫെസിലിറ്റി മാനേജ്മെന്റ് ആന്റ് സൊല്യൂഷ്യസിന്റെ നിയമനം അംഗീകരിച്ചു. ഇതിൻ പ്രകാരം 7 ലക്ഷം രൂപയ്ക്ക് 28/09/2017ന് പ്രസ്തുത ഏജൻസിയുമായി സെക്രട്ടറി കരാറിൽ ഒപ്പുവച്ചു. എന്നാൽ ഏജൻസിയെ തിരഞ്ഞെടുത്തതായി കേരളാ സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ നിന്ന് കത്ത് (നം.KSSC/B8/8850/17) അയച്ചിരിക്കുന്നത് 20/09/2019-ൽ ആണ്. 2008 കേരള സ്പോർട്സ് കൗൺസിൽ ചട്ടങ്ങൾ, ചട്ടം 24(3) പ്രകാരം പ്രതിഫലത്തുക അയ്യായിരം രൂപയിൽ കവിഞ്ഞ കരാറുകളിൽ ഏർപ്പെടുന്നതിന് എക്സിക്യൂട്ടീവ് കമ്മറ്റിയുടെ മുൻകൂട്ടിയുള്ള അംഗികാരം വാങ്ങേണ്ടതാണ്. ഇപ്രകാരം അംഗീകാരം വാങ്ങാതെ പ്രസ്തുത ഏജൻസിയെ തിരഞ്ഞെടുത്തതിന് വിശദീകരണം ആവശ്യപ്പെട്ടുവെങ്കിലും (ഓഡിറ്റ് എൻക്വയറി 17/21.08.2020) മറുപടി നൽകിയില്ല. കരാറുകൾ ക്ഷണിക്കുമ്പോഴും ഏജൻസികളെ തിരെഞ്ഞെടുക്കുമ്പോഴും കൗൺസിൽ ചട്ടങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്. പ്രസ്തുത ഏജൻസിയുമായുള്ള കരാറിന്റെ ഖണ്ഡിക(ബി) പ്രകാരം പ്രിന്റഡ്, വിഷ്വൽ മീഡിയ എന്നിവയുടെ ചെലവും കരാർ തുകയിൽ ഉൾപ്പെട്ടിട്ടുണ്ട്. വാർഷിക കണക്കുകൾ പ്രകാരം ഫിഫ അണ്ടർ 17 വേൾഡ് കപ്പ് മത്സരങ്ങളുടെയും അതിനോടുബന്ധിച്ചുള്ള പ്രചാരണ പരിപാടികളുടെയും വിപുലമായ പ്രചരണത്തിന് ടൂർണമെന്റ് പബ്ലിസിറ്റി ചെലവ് ഇനത്തിൽ 36,24,205 രൂപ ചെലവഴിച്ചിരിക്കുന്നു. പ്രസ്തുത സ്ഥാപനത്തിന് കരാർ പ്രകാരമുള്ള (കരാറിൽ ഏർപ്പെട്ട തുക 7 ലക്ഷം രൂപ +ജി.എസ്.ടി. 18%) 8,26,000-രൂപ ഈ ആവശ്യത്തിലേക്കായി നൽകിയിട്ടുണ്ട്. ടി തുക കൂടാതെയാണ് പബ്ലിസിറ്റിക്കുവേണ്ടി വീണ്ടും തുക ചെലവഴിച്ചത്. പ്രസ്തുത തുകയിൽ ഉള്ള വ്യത്യാസത്തിനുള്ള വിശദീകരണം ആവശ്യപ്പെട്ടെങ്കിലും (ഓഡിറ്റ് എൻക്വയറി നം. 19/21.08.2020) മറുപടി ഹാജരാക്കിയില്ല . കരാറിൽ അധികരിച്ച ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ നൽകേണ്ടതാണ്.

(ബി) സ്വകാര്യ സ്ഥാപനത്തിന് വായ്പ നല്കി- 21 ലക്ഷം രൂപ തടസ്സപ്പെടുത്തുന്നു.

പ്രസ്തുത ഏജൻസി ഫിഫ അണ്ടർ-17 വേൾഡ് കപ്പിന്റെ പ്രചാരണത്തിന്റെ ഭാഗമായി ആർച്ച്, കട്ട് ഔട്ട്സ്, ബ്രാന്റിംഗ് വർക്സ് എന്നീ വകയിൽ 2/11/2017ൽ കത്ത് മുഖേന 15 ലക്ഷം രൂപ ആവശ്യപ്പെടുകയും 29/11/2017ൽ കൂടിയ അഡ്മിനിസ്ട്രേറ്റീവ് ബോർഡ് മീറ്റിംഗ് പ്രകാരം 20 ലക്ഷം രൂപ ലോണായി പ്രസ്തുത ഏജൻസിക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഈ തുക 5 ലക്ഷം രൂപയുടെ രണ്ട് ചെക്കുകളായും 10 ലക്ഷത്തിന്റെ ഒരു ചെക്കായും മെസ്സേഴ്സ് ഗ്രീൻ ഫെസിലിറ്റി മാനേജ്മെന്റ് ആന്റ് സൊല്യൂഷ്യസിന് നൽകിയിട്ടുണ്ട്. കൂടാതെ 05-06-2018 ൽ 100000 രൂപ വീണ്ടും നൽകിയിട്ടുണ്ട്. സർക്കാർ ആക്ടിന്റെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിലും സർക്കാർ ഗ്രാന്റിലും പ്രവർത്തിക്കുന്ന സ്ഥാപനം ഒരു സ്വകാര്യ സ്ഥാപനത്തിന് വായ്പ നല്കുന്നത് ചട്ടങ്ങൾക്കു വിരുദ്ധമാണ്. കരാറിൽ ഉൾപ്പെട്ട ചെലവിന്മേൽ വീണ്ടും അധിക തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടെങ്കിലും (17/21.08.2020) മറുപടി ലഭ്യമായില്ല. കരാറിൽ അധികരിച്ച ചെലവുകൾക്ക് കരാറു പുതുക്കി പുതിയ കരാറിൽ ഏർപ്പെടാതെ തുക അനുവദിക്കാൻ പാടില്ല. ലോണായി അനുവദിച്ച 2000000/- രൂപ കൂടാതെ 100000/- രൂപ അധികമായി പ്രസ്തുത ഏജൻസിക്ക് ലോണായി നൽകിയിട്ടുണ്ട്. ഇപ്രകാരം അധികമായി നൽകിയ തുകയെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ആകെ 2100000/- രൂപ താഴെപ്പറയും വിധം പ്രസ്തുത ഏജൻസിക്ക് ലോണായി നൽകിയിട്ടുണ്ട്.

| ക്രമ നം. | തീയതി | വൗച്ചർ നം. | തുക |
|---|---|---|---|
| 1 | 01/12/2017 | 1348 | 5,00,000 |
| 2 | 07/12/2017 | 1364 | 5,00,000 |
| 3 | 19/01/2018 | 1514 | 10,00,000 |
| 4 | 05/06/2018 | CHQ No. 005206 | 1,00,000 |

ഈ തുക അനുവദിച്ചതും തിരിച്ചു പിടിക്കുന്നതും ഏതു സ്പോർട്സ് കൗൺസിൽ ചട്ടം പ്രകാരം ആണെന്നും മേൽ ചട്ട പ്രകാരം നാളിതുവരെ എടുത്ത നടപടികളും അനുബന്ധരേഖകളും ലഭ്യമാക്കിയില്ല. പ്രസ്തുത തുക അധികമായി17/21.08.2020) ലോൺ നൽകിയതിന്റെയോ ഈ തുക തിരിച്ച് പിടിച്ചതിന്റെയോ വിശദാംശങ്ങൾ നൽകിയില്ല (ഓഡിറ്റ് എൻക്വയറി 17/21.08.2020). കരാറിൽ അധികരിച്ച നൽകിയ തുക പ്രസ്തുത ഏജൻസിയിൽ നിന്നും തിരിച്ചു പിടിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

മെസ്സേഴ്സ് ഗ്രീൻ ഫെസിലിറ്റി മാനേജ്മെന്റ് ആന്റ് സൊല്യൂഷ്യസ് നൽകിയ ഇൻവോയ്സ് പ്രകാരം (invoice no. 141-147). ആകെ ചിലവ് തുക 43,23,479 രൂപ ആണ്. എന്നാൽ കരാറിൽ ഏർപ്പെട്ടിരിക്കുന്ന തുക ജി എസ് ടി അടക്കം 8,26,000 രൂപ ആണ്. പ്രസ്തുത കരാർ പ്രകാരം ഉള്ള തുകയേക്കാൾ അധിക തുകയെ സംബന്ധിച്ച കൗൺസിൽ തീരുമാനം, കരാർ പുതുക്കിയിട്ടുണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ, തുക കൈമാറിയിട്ടുണ്ടെങ്കിൽ അവയുടെ വിവരം(വൗച്ചർ നമ്പർ, തീയതി, തുക, ബാങ്ക് സ്റ്റേറ്റമെന്റ് ) എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയില്ല (ഓഡിറ്റ് എൻക്വയറി 17/21.08.2020). പ്രസ്തുത കരാറിൽ നിന്നും അധികരിച്ചുള്ള തുക എജൻസിക്ക് നൽകുവാൻ പാടില്ല.

പബ്ലിസിറ്റി കമ്മറ്റിയുടെ ഫൈനൽ അക്കൗണ്ട്സ് സെറ്റിൽ ചെയ്യുമ്പോൾ FIFA U17 നോഡൽ ഓഫീസർ കൗൺസലിന് തുക തിരികെ നൽകണമെന്ന വ്യവസ്ഥയിൽ ആണ് 20ലക്ഷം രൂപ പ്ലാൻ ഫണ്ടിൽ നിന്നും ലോണായിമെസ്സേഴ്സ് ഗ്രീൻ ഫെസിലിറ്റി മാനേജ്മെന്റ് ആന്റ് സൊലൂഷ്യസിന് നൽകിയത്. പബ്ലിസിറ്റി കമ്മറ്റിയുടെ ഫൈനൽ അക്കൗണ്ട്സ് സെറ്റിൽ ചെയ്തതിന്റെ വിശദാംശങ്ങൾ, പ്രസ്തുത തുക തിരികെ ലഭിച്ചതിന്റെ വിവരങ്ങൾ, നടപടിക്രമങ്ങൾ എന്നിവ ലഭ്യമാക്കിയില്ല (ഓഡിറ്റ് എൻക്വയറി 17/21.08.2020). ആയതിനാൽ 2100000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ലോണായി നൽകിയ പ്രസ്തുത തുക തിരിച്ചു പിടിക്കാൻ ഉടൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 കരാർ ജീവനക്കാർക്ക് അധിക വേതനം നൽകി - 3,57,340/-രൂപ നിരാകരിക്കുന്നു.

സർക്കാർ വകുപ്പുകൾ, ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ അടിയന്തര ഘട്ടങ്ങളിൽ ദിവസ/കരാർ വേതന അടിസ്ഥാനത്തിൽ നിയമിക്കുന്നവർക്ക് എല്ലാ വർഷവും ഏപ്രിൽ മാസം സർക്കാറിന് അനിവാര്യമാണെന്ന് തോന്നുന്ന പക്ഷം, മാറുന്ന വിലസൂചികയ്ക്ക് അനുസരിച്ച് വേതനം പുതുക്കി നിശ്ചയിക്കാറുണ്ട്. അപ്രകാരം 28-04-2017-ൽ ധനകാര്യ വകുപ്പിന്റെ സ.ഉ.(അച്ചടി)നം.56/2017 നം. ഉത്തരവ് പ്രകാരം 2017-18 വർഷത്തേയ്ക്ക് ശമ്പളം പുതുക്കിയിട്ടുണ്ട്. എന്നാൽ സംസ്ഥാന സ്പോർട്ട്സ് കൗൺസിൽ മേൽ ഉത്തരവിന് വിരുദ്ധമായി ദിവസവേതനക്കാർക്ക് (കരാർ) പ്രതിമാസ പരിധി അടിസ്ഥാനമാക്കാതെ അധിക വേതനം നൽകി. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.
തസ്തിക:

1.സെക്യൂരിറ്റി ഗാർഡ്

| ക്രമ നം | ജീവനക്കാരന്റെ പേര്/ തസ്തിക | നൽകേണ്ട ദിവസ വേതനം -പ്രതിമാസ പരിധി | അധികം നൽകിയ വേതനം | കൂട്ടതലായി നൽകിയ തുക (മാസത്തിൽ) | അധികം നൽകിയ തുക |
|---|---|---|---|---|---|
| 1 | ശ്രീകണ്ഠൻ നായർ | @710-(19850) | 2017ജൂൺ-(@20590/)<br>2017ജൂലായ് മുതൽ 2017 ഒക്ടോബർ വരെ<br>2017ഡിസംബർ<br>& 2018 മാർച്ച് (@19880-) | 740-<br>(6*30)<br>30-<br>30- | (740+180)<br>920- |
| 2 | ശ്രീകുമാർ | @710-(19850) | 2017ജൂൺ(@20590/),<br>2017ജൂലായ് മുതൽ 2017ഒക്ടോബർ വരെ,<br>2017 ഡിസംബർ മുതൽ 2018 മാർച്ച് വരെ(@19880-) | 740-<br>(6*30)<br>30-<br>30- | (740+180)<br>920- |
| 3 | വിജയകുമാരൻ നായർ | @710-(19850) | 17/ജൂൺ (@20590/)-17/ ജൂലായ്-17/ഓക്ടോബർ , 17/ ഡിസംബർ & 18/മാർച്ച്-(@19880-) | 740-<br>(4*30)<br>30-<br>30- | (740+120+60)<br>920- |
| 4 | തുളസീധരൻ | @710-(19850) | 17/ജൂൺ-(@20590/)-17/ ജൂലായ്-17/ഓക്ടോബർ, 17/ ഡിസംബർ & 18/മാർച്ച്-(@19880-) | 740-<br>(4*30)<br>30-<br>30- | (740+120+60)<br>920- |
| 5 | അനിൽ കുമാർ | @710-(19850) | 17/ജൂൺ-(@20590/) 17/ ജൂലായ്-17/ഓക്ടോബർ, 17/ ഡിസംബർ & 18/മാർച്ച് (@19880-) | 740-<br>(4*30)<br>30-<br>30- | (740+120+60)<br>920- |
| 6 | പ്രഭാകരൻ | @710-(19850) | 17/ജൂൺ (@20590/) 17/ ജൂലായ്-17/ഓക്ടോബർ, 17/ | 740- | (740+120+60) |

| | | | | | |
|---|---|---|---|---|---|
| | | | ഡിസംബർ<br>&18/മാർച്ച് (@19880-) | (4*30)<br>30-<br>30- | 920- |
| 7 | ശശിധരൻ നായർ | @710-(19850) | 17/ജൂൺ-(@20590/)-17/ജൂലായ്-17/ഡിസംബർ & 18/മാർച്ച് (@19880-) | 740-<br>30*6<br>30- | (740+180+30)<br>950- |
| 8 | സുനിൽ കുമാർ | @710-(19850) | 17/ജൂൺ-(@20590/)-17/ജൂലായ്-17/ഡിസംബർ & 18/മാർച്ച്-(@19880-) | 740-<br>30*6<br>30- | (740+180+30)<br>950- |
| 9 | സെബാസ്റ്റ്യൻ | @710-(19850) | 17/ജൂൺ (@20590/) 17/ജൂലായ്-17/ഡിസംബർ & 18/മാർച്ച്-(@19880-) | 740-<br>30*6<br>30- | (740+180+30)<br>950- |
| 10 | രാജേന്ദ്രൻ | @710-(19850) | 17/ജൂൺ (@20590/) 17/ജൂലായ്-17/ഡിസംബർ & 18/മാർച്ച് (@19880-) | 740-<br>30*6<br>30 | (740+180+30)<br>950- |
| 11 | അനു.ജി.നായർ | @710-(19850) | 17/ജൂൺ-(@20590/) 17/ജൂലായ്-17/ഡിസംബർ & 18/മാർച്ച് (@19880-). | 740-<br>30*6<br>30- | (740+180+30)<br>950- |
| 12 | ബാഹുലേയൻ | @710-(19850) | 17/ജൂൺ-@21300/-<br>17/ഓക്ടോബർ & 17/നവംബർ (@19880-) | 740-<br>(30*2) | (1450+60)<br>1510- |
| 13 | ജയചന്ദ്രൻ നായർ | @710-(19850) | 17/ജൂൺ മുതൽ 18/ജനവരി (@19880-) | 30*8 | 240- |
| 14 | ജ്യോതികുമാർ | @710-(19850) | 17/ജൂലായ്- 18/ജനവരി (@19880-) | 30*7 | 210- |
| 15 | പ്രശാന്ത് | @710-(19850) | 17/ജൂൺ- 18/ജനവരി (@19880-) | 30*8 | 240- |
| 16 | ബൈജു രാജ് | @710-(19850) | 17/ജൂൺ- 18/ജനവരി (@19880-) | 30*8 | 240- |
| 17 | ബിജു.എ | @710-(19850) | 17/ജൂൺ, 17 ജൂലൈ, 17/ആഗസ്റ്റ് & 17/നവംബർ, 17/ഡിസംബർ & 18/മാർച്ച് (@19880-) 17/ഒക്ടോബർ @20590/- | (30*6)<br>740 | (180+740)<br>920- |
| 18 | സതീഷൻ നായർ | @710-(19850) | 17/ജൂൺ - 18/ജനവരി (@19880-) | 30*8 | 240/- |
| | | ആകെ | | | 13630- |

2.വാർഡൻ

| ക്രമ നം | ജീവനക്കാരന്റെ പേര്/ തസ്തിക | നൽകേണ്ട ദിവസ വേതനം/പ്രതിമാസ പരിധി | നൽകിയ ദിവസ വേതനം/ പ്രതിമാസം | പ്രതിമാസം നൽകിയ തുക . | അധികം നൽകിയ തുക |
|---|---|---|---|---|---|
| 1 | ദാസ് സാമുവേൽ | @630 (17025) | @710(19880) | 17/ജൂൺ-<br>17/ആഗസ്റ്റ്<br>17/ഒക്ടോബർ-<br>17/നവംബർ & 18/മാർച്ച് (@19880-) | (19880-17025)<br>2855*6=17130+<br>(18080-17025) 1055<br>ആകെ : 18185- |

| | | | | | |
|---|---|---|---|---|---|
| | | | | 18/ജനവരി (@18080-) | |
| 2 | ദീപ | @630 (17025) | @710(19880) | 17/ജൂൺ- 17/ആഗസ്റ്റ്, 17/ഒക്ടോബർ, 17/നവംബർ &18/ മാർച്ച് (@19880-) 18/ജനവരി- (@18080-) | (19880-17025) 2855*6=17130+ (18080-17025) 1055 ആകെ : 18185/- |
| 3 | വിലാസിനി | @630 (17025) | @710(19880) | 17/ജൂൺ- 17/ആഗസ്റ്റ് 17/ഒക്ടോബർ, 17/നവംബർ & 18/മാർച്ച് (@19880-) 18/ജനവരി (@18080-) | (19880-17025) 2855*6=17130+ (18080-17025) 1055 ആകെ:18185/- |
| 4 | രാജി മോൾ.പി.കെ. | @630 (17025) | @710(19880) | 17/മേയ്- 17/ആഗസ്റ്റ് 17/ഒക്ടോബർ 17/നവംബർ & 18/മാർച്ച് (@19880-) 18/ജനവരി (@18080-) | (19880-17025) 2855*7=19985+ (18080-17025) 1055 ആകെ:21040/- |
| 5 | മേരിയമ്മ മാത്യൂ | @630 (17025) | @710(19880) | 17/ജൂൺ- 17/ആഗസ്റ്റ്- 17/ഒക്ടോബർ, 17/നവംബർ & 18/മാർച്ച് (@19880-) 18/ജനവരി (@18080-) | (19880-17025) 2855*6=17130+ (18080-17025) 1055 ആകെ:18185/- |
| 6 | രാജേഷ് കുമാർ.എൻ.കെ. | @630 (17025) | @710(19880) | 17/ജൂൺ, 17/ജൂലായ്, 17/ഒക്ടോബർ, 17/നവംബർ (@19880-) | (19880-17025) 2855*4=11420/- ആകെ: 11420/- |
| 7 | റീജാ.പി.എം. | @630 (17025) | @710(19880) | 17/ജൂൺ- 17/ആഗസ്റ്റ്, 17/ഒക്ടോബർ, | (19880-17025)) 2855*6=17130+ (18080-17025) 1055 |

| | | | | | |
|---|---|---|---|---|---|
| | | | | 17/നവംബർ & 18/മാർച്ച് (@19880-)<br>18/ജനവരി (@18080-) | ആകെ: 18185/- |
| 8 | മുരളീധരൻ | @630 (17025) | @710(19880) | 17/ജൂൺ-<br>17/ആഗസ്റ്റ്,<br>17/ഒക്ടോബർ,<br>17/നവംബർ (18/ മാർച്ച് (@19880-)<br>18/ജനവരി (@18080-) | (19880-17025)<br>2855*6=17130+<br>(18080-17025) 1055<br>ആകെ: 18185/- |
| 9 | അബ്ദുൾ സത്താർ | @630 (17025) | @710(19880) | 17/ജൂൺ-<br>17/ആഗസ്റ്റ്,<br>17/ഒക്ടോബർ,<br>17/നവംബർ & 18/മാർച്ച് (@19880-)<br>18/ജനവരി- (@18080-) | (19880-17025)<br>2855*6=17130+<br>(18080-17025) 1055<br>ആകെ: 18185/- |
| 10 | ഗിരിജ.എസ്. | @630 (17025) | @710(19880) | 17/ജൂൺ-<br>17/ആഗസ്റ്റ്,<br>17/ഒക്ടോബർ,<br>17/നവംബർ,<br>18/ജനവരി,<br>18/മാർച്ച് (@19880-) | (19880-17025)<br>2855*7=19985/-<br>ആകെ: 19985/- |
| 11 | മിനിമോൾ | @630 (17025) | @710(19880) | 17/ജൂൺ-<br>17/ആഗസ്റ്റ്,<br>17/ഒക്ടോബർ,<br>17/നവംബർ,<br>18/ജനവരി,<br>18/മാർച്ച് (@19880-) | (19880-17025)<br>2855*7=19985/-<br>ആകെ-19985/- |
| 12 | എബിൻ ജോസഫ് | @630 (17025) | @710(19880) | 17/ജൂലായ്,<br>17/ആഗസ്റ്റ്,<br>17/ഒക്ടോബർ,<br>17/നവംബർ,<br>18/ജനവരി,<br>18/മാർച്ച് (@19880-) | (19880-17025)<br>2855*6=17130/-<br>ആകെ=17130/- |

| | | | | | |
|---|---|---|---|---|---|
| 13 | കോമള രമേഷ് | @630 (17025) | @710(19880) | 17/ജൂലായ്, 17/ ആഗസ്റ്റ് - @36210- (2മാസത്തെ ശമ്പളം)** 17/ഒക്ടോബർ, 17/നവംബർ, 18/ജനവരി, 18/മാർച്ച് (@19880-) | 2160*2=4320 (19880-17025) 2855*4=11420 4320+11420= 15740/- |
| **17/ജൂലായ്,ആഗസ്റ്റ് മാസങ്ങളിൽ 2 മാസത്തെ ശംപളം അധിക തുക (@36210) നല്കി. നല്കേണ്ട തുക 17025*2=34050, അധികം നൽകിയ തുക (36210-34050) 2,160/-രൂപ | | | | | |
| ആകെ | | | | 232595/- | |

3.പമ്പ് ഓപ്പറേറ്റർ

| ക്രമനം | ജീവനക്കാരന്റെ പേര് | നൽകേണ്ട ദിവസവേതനം/ പ്രതിമാസ പരിധി | നൽകിയ ദിവസവേതനം | പ്രതിമാസം നൽകിയ തുക | അധികം നൽകിയ തുക |
|---|---|---|---|---|---|
| 1 | രതീഷ് കുമാർ | @685/-(18450) | @675 @710 | 17/മേയ് (@18900-) 17/ജൂൺ മുതൽ 17/ആഗസ്റ്റ് വരെ 17/ഒക്ടോബർ മുതൽ 17 ഡിസംബർ വരെ 18/ജനവരി-(@19880-) | (18900-18450) 450+ (19880-18450) 1430*7=10010 ആകെ: 10460/- |
| 2 | സംഗീത് | @685/-(18450) | @710 | 17/ജൂൺ മുതൽ 2017 ആഗസ്റ്റ് വരെ, 2017ഡിസംബർ മുതൽ 2018 ജനവരി വരെ(@19880-) 17/ഒക്ടോബർ, 17/നവംബർ (@19170) | (19880-18450) 1430*5=7150+ (19170-18450) 720*2=1440 ആകെ: 8590- |
| ആകെ | | | 19050/- | | |

4.ലൈഫ് ഗാർഡ്

| ക്രമനം | ജിവനക്കാരന്റെ പേര് | നൽകേണ്ട ദിവസവേതനം/പ്രതിമാസ പരിധി | നൽകിയ ദിവസവേതനം | പ്രതിമാസം നൽകിയ തുക | അധികം നൽകിയ തുക |
|---|---|---|---|---|---|
| 1 | രൺജിത്ത് | @685 (18450) | @710 | 17/മെയ് (@18900) 17/ജൂൺ മുതൽ 18/ജനവരി & | (18900-18450) 450+ (19880-1845) 1430*9=12870 |

| | | | | | |
|---|---|---|---|---|---|
| | | | | 18/മാർച്ച് (@19880) | ആകെ :13320- |
| 2 | അഭിലാഷ് | @685 (18450) | @710 | 17/ജൂലായ്, 17/ആഗസ്റ്റ്- (@19170) | (19170-18450) 720*2 ആകെ :1440- |
| ആകെ | | | 14760/- | | |

5.കെയർ ടേക്ക്കർ

| ക്രമനം | ജിവനക്കാരന്റെ പേര് | നൽകേണ്ട ദിവസവേതനം/ പ്രതിമാസ പരിധി | നൽകിയ ദിവസവേതനം | പ്രതിമാസം നൽകിയ തുക | അധികം നൽകിയ തുക |
|---|---|---|---|---|---|
| 1 | സൈജു. കെ.എസ് | @630(17025) | @710 | 17/ഏപ്രിൽ, 17/മെയ് (@18900) 17/ജൂൺ- 17/ഡിസംബർ (@19880) 18/ജനവരി (@18080) | (18900-17025) 1875*2=3750+ (19880-17025) 2855*7=19985+ (18080-17025) 1055 ആകെ : 24790/- |
| 2 | എസ്.എസ്. സജേഷ് | @630(17025) | @710 | 17/ഏപ്രിൽ, 17/മെയ് (@18900) 17/ജൂൺ- 18/ജനവരി & 18/മാർച്ച് (@19880) | (18900-17025) 1875*2=3750+ (19880-17025) 2855*9=25695 ആകെ : 29445/- |
| 3 | വിഷ്ണുരാജ് | @630(17025) | @710 | 17/ഏപ്രിൽ, 17/മെയ് (@18900) 17/ജൂൺ-17/ആഗസ്റ്റ് & 17/നവംബർ (@19880) 17/ സെപ്റ്റംബർ-(@19170) 17/ ഒക്ടോബർ-(@20590) | (18900-17025) 1875*2=3750+ (19880-17025) 2855*4=11420+ (19170-17025) 2145+ (20590-17025) 3565 ആകെ=20880/- |
| ആകെ | | | 75115/- | | |

6. ക്ലാർക്ക്/ടൈപ്പിസ്റ്റ്

| ക്രമനം | ജീവനക്കാരന്റെ പേര് | നൽകേണ്ട ദിവസ വേതനം /പ്രതിമാസ പരിധി | നൽകിയ ദിവസ വേതനം | പ്രതിമാസം നൽകിയ തുക | അധികം നൽകിയ തുക |
|---|---|---|---|---|---|
| 1 | അബിൻ.ആർ.എസ്. നായർ | @710/ 19850 | @710. | 18/മാർച്ച് @22010/- | 2160/- |
| 2 | ,, | @710/ 19850 | @710. | 17/ഒക്ടോബർ @19880/- | 30/- |
| ആകെ | | | | | 2190/- |
| ആകെ തുക | | | | | 357340 |

ദിവസവേതന (കരാർ) ജീവനക്കാർക്ക് സർക്കാർ ഉത്തരവിന് വിരുദ്ധമായി പ്രതിമാസ പരിധി ലംഘിച്ച് തുക നൽകിയതിനെ കുറിച്ച് നൽകിയ അന്വേഷണക്കുറിപ്പ് 44/2020-ന് അധിക വേതനം നല്കിയത് ഗഡുക്കളായി ഈടാക്കുന്നതാണെന്ന് മറുപടി ലഭിച്ചിട്ടുണ്ട്. കരാർ ജീവനക്കാരുടെ വേതനം പ്രതിമാസ പരിധിയിൽ പരിമിതപ്പെടുത്തിയിരിക്കെ 2017-18 വർഷത്തിൽ നൽകിയ വേതന വിതരണ സ്റ്റേറ്റ്മെന്റ് പ്രകാരം Name of Units (monthly/daily) എന്ന കോളത്തിൽ Daily എന്ന് രേഖപ്പെടുത്തി മേൽ വിവരിച്ച ജീവനക്കാർക്ക് ദിവസാടിസ്ഥാനത്തിൽ വേതനം കണക്കാക്കി അധിക തുക നൽകി വരുന്നതായി കണ്ടെത്തി. ധനകാര്യ വകുപ്പ് 26-02-2016ൽ പുറപ്പെടുവിച്ച സ.ഉ.(അച്ചടി)28/2016 ഖണ്ഡിക 4(V)-ൽ ദിവസവേതനക്കാർക്ക് ഒരോ മാസത്തിലും നൽകാവുന്ന പരമാവധി തുക അധികരിച്ച് നൽകിയാൽ ആയതിന്റെ ഉത്തരവാദിത്വം ഓഫീസ് മേധാവിയിൽ നിക്ഷിപ്തമാണ്. ഓരോ മാസത്തിലും നൽകാവുന്ന വേതന പരിധി അധികരിച്ച് നൽകിയ 3,57,340/- രൂപ (മൂന്ന് ലക്ഷത്തി അൻപത്തി ഏഴായിരത്തി മുന്നൂറ്റി നാൽപ്പത്) മൂന്ന് മാസത്തിനകം തിരികെ ഈടാക്കി പ്ലാൻ ഫണ്ടിൽ അടയ്ക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-4 നിയമനങ്ങൾ സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധം.

2000-ലെ കേരള സ്പോർട്സ് ആക്ട് പ്രകാരം രൂപീകൃതമായ ഒരു സ്റ്റാറ്റ്യൂട്ടറി സ്ഥാപനമാണ് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ. കേരള സ്പോർട്സ് റൂൾസ് 2008 ചട്ടം 22(4) പ്രകാരം കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ സർക്കാർ സർവ്വീസിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾക്ക് അനുസൃതമാണ്. കൂടാതെ 2000-ലെ കേരള സ്പോർട്സ് നിയമം വകുപ്പ് 44 പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി മാത്രമേ സ്ഥിര നിയമനം നടത്താവൂ എന്ന് അനുശാസിക്കുന്നു. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിലെ വിവിധ തസ്തികകളുടെ വിദ്യാഭ്യാസ യോഗ്യത, നിയമന രീതി, സ്ഥാനക്കയറ്റം എന്നിവയെല്ലാം വ്യക്തമായി നിർവചിച്ചുകൊണ്ടുള്ള സ്പെഷ്യൽ റൂൾസ് നിലവില്ലാത്ത സാഹചര്യത്തിൽകേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ നിലവിലുള്ള മിനിസ്റ്റീരിയൽ ജീവനക്കാരുടെ ഓരോ വിഭാഗത്തിലുമുള്ള തസ്തികളുടെ എണ്ണം, ഓരോ കായിക ഇനത്തിലുമുള്ള പരിശീല തസ്തികകളുടെ എണ്ണം എന്നിവ കേരള കായിക യുവജനകാര്യ(എ) വകുപ്പ് 12-10-2017-ലെ സ.ഉ(കൈ) നം.12/2017 പ്രകാരം ക്രമീകരിച്ച് നൽകിയിട്ടുണ്ട്.

വിശദവിവരം ചുവടെ ചേർക്കുന്നു.

മിനിസ്റ്റീരിയൽ ജീവനക്കാരുടെ തസ്തികകൾ

| ക്രമനം | തസ്തിക | എണ്ണം |
|---|---|---|
| 1 | സെക്രട്ടറി | 1 |
| 2 | അസി.സെക്രട്ടറി(അക്കൗണ്ട്സ്) | 1 |
| 3 | അസി.സെക്രട്ടറി(അഡ്മിനിസ്ട്രേഷൻ) | 1 |
| 4 | അസി.സെക്രട്ടറി(ടെക്നിക്കൽ) | 1 |
| 5 | ജില്ലാ സ്പോർട്സ് കൗൺസിൽ സെക്രട്ടറി | 14 |
| 6 | ജൂനിയർ സൂപ്രണ്ട് | 2 |
| 7 | ക്ലർക്ക്/ അക്കൗണ്ടന്റ് | 4 |
| 8 | ക്ലർക്ക്/ടൈപ്പിസ്റ്റ് | 20 |
| 9 | ക്ലർക്ക് | 1 |
| 10 | ടൈപ്പിസ്റ്റ്/സ്റ്റെനോ | 1 |
| 11 | അക്കൗണ്ടൻറ് | 1 |
| 12 | പ്യൂൺ | 18 |
| 13 | അറ്റൻഡർ | 2 |
| 14 | പാർട്ട് ടൈം അറ്റൻഡർ | 2 |
| 15 | ഡ്രൈവർ | 1 |
| 16 | നൈറ്റ് വാച്ച്മാൻ | 1 |
| 17 | ഫുൾ ടൈം സ്വീപ്പർ | 1 |
| 18 | പാർട്ട് ടൈം സ്വീപ്പർ | 2 |
| 19 | പാർട്ട് ടൈം വാച്ചർ | 1 |
| 20 | മാർക്കർ(പാർട്ട് ടൈം) | 1 |
| 21 | സിനിമാ ഓപ്പറേറ്റർ | 1 |
| 22 | ഗാർഡനർ | 1 |
| | ആകെ | 78 |

പരിശീലക തസ്തികകൾ

| ക്രമനം | കായിക ഇനം | ആകെ തസ്തിക |
| --- | --- | --- |
| 1 | അത് ലറ്റിക്സ് | 27 |
| 2 | ബാഡ്മിന്റൺ(ഷട്ടിൽ) | 6 |
| 3 | ബാസ്കറ്റ് ബോൾ | 16 |
| 4 | ബോക്സിംഗ് | 3 |
| 5 | ഫുട്ബോൾ | 14 |
| 6 | ക്രിക്കറ്റ് | 2 |
| 7 | സൈക്ലിംഗ് | 2 |
| 8 | ജിംനാസ്റ്റിക്സ് | 4 |
| 9 | ഹാൻറ് ബോൾ | 4 |
| 10 | ഹോക്കി | 4 |
| 11 | ഖൊ-ഖൊ | 2 |
| 12 | കബഡി | 3 |
| 13 | സ്വിമ്മിംഗ് | 18 |
| 14 | ടേബിൾ ടെന്നീസ് | 3 |
| 15 | വോളിബോൾ | 20 |
| 16 | വൈയ്റ്റ് ലിഫ്റ്റിംഗ് | 1 |
| 17 | റസലിംഗ് | 6 |
| 18 | ഫെൻസിംഗ് | 1 |
| 19 | ഷൂട്ടിംഗ് | 1 |
| 20 | റോവിംഗ് | 1 |
| 21 | ആർച്ചറി | 1 |
| 22 | കനോയിംഗ് & കയാക്കിംഗ് | 2 |
| 23 | ജൂഡോ | 2 |
| ആകെ | | 143 |

കൂടാതെ കേരള സ്പോർട്സ് കൗൺസിലിൽ വിവിധ തസ്തികകൾ സൃഷ്ടിച്ചുകൊണ്ടുള്ള എല്ലാ സർക്കാർ ഉത്തരവുകൾക്കും സർവ്വോപരിയായി ഈ ഉത്തരവ് നിലനിൽക്കുന്നതും, കായിക ഇനങ്ങളിൽ മാറ്റം വരുത്താൻ പാടില്ലായെന്നും, സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ പുതിയ തസ്തികകൾ (റെഗുലർ, ഡെപ്യൂട്ടേഷൻ, താൽക്കാലികം തുടങ്ങിയവ) സൃഷ്ടിക്കാനോ പാടില്ലായെന്നും നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ ധന.വകുപ്പിന്റെ 26-2-2016-ലെ 28/16-ാം നമ്പർ ഉത്തരവ് പ്രകാരം ദിവസ വേതനക്കാരെ സർക്കാരിന്റെ മുൻകൂർ അനുമതിയോടെ 179ദിവസത്തേയ്ക്ക് മാത്രമേ നിയമിക്കാവൂയെന്ന് നിഷ്കർഷിക്കുന്നു. എന്നാൽ അനുവദിക്കപ്പെട്ട അംഗീകൃത തസ്തികൾക്ക് പുറമെ ചുവടെ വിവരിക്കും പ്രകാരം അവശ്യകതാ പഠന റിപ്പോർട്ടോ, സർക്കാർ അനുമതിയോ ഇല്ലാതെ നിയമനങ്ങൾ നടത്തിയതായി സ്ഥാപനം ഹാജരാക്കിയ രേഖകളിൽ നിന്നും വ്യക്തമായി.

| ക്രമനം | തസ്തിക(താല്ക്കാലികം) | എണ്ണം |
| --- | --- | --- |
| 1 | കോച്ച്/ട്രെയിനർ | 73 (പ്ലാൻ ഫണ്ട്-ആഗസ്റ്റ് മാസത്തെ താല്ക്കാലിക/ കോൺട്രാക്ട് വേതന സ്റ്റേറ്റ്മെൻറ് പ്രകാരം) |
| 2 | ജീവനക്കാർ (നോൺ ടെക്കനിക്കൽ) | 91 (പ്ലാൻ ഫണ്ട്-ആഗസ്റ്റ് മാസത്തെ താല്ക്കാലിക/ കോൺട്രാക്ട് വേതന സ്റ്റേറ്റ്മെൻറ് പ്രകാരം) |

സെപ്റ്റംബർ മാസത്തെ (പ്ലാൻ ഫണ്ട് താല്ക്കാലിക/കോൺട്രാക്ട്) വേതന സ്റ്റേറ്റ്മെന്റിൽ താഴെ വിവരിക്കും പ്രകാരം സർക്കാർ അനുമതിയില്ലാതെ നിയമനങ്ങൾ നടത്തി.

| ക്രമനം | ജീവനക്കാരന്റെ പേര് | തസ്തിക |
| --- | --- | --- |
| 1 | പ്രേംകുമാർ.വി | ട്രെയിനർ-ബാസ്കറ്റ്ബോൾ |
| 2 | ഗോപിനാഥൻ നായർ.കെ | ക്ലാർക്ക്. |
| 3 | കെ.കെ.രാജേഷ്. | വാർഡൻ |

സ്ഥിരം ജീവനക്കാർ

സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ ഓഗസ്റ്റ് മാസത്തെ ശമ്പള ബിൽ രജിസ്റ്റർ പ്രകാരം ചുവടെ വിവരിക്കും പ്രകാരം സ്ഥിരജീവനക്കാർ ജോലി ചെയ്ത് വരുന്നു.

<table>
<tr><td>കോച്ച്</td><td colspan="2">നോൺ ടെക്കനിക്കൽ സ്റ്റാഫ്</td></tr>
<tr><td>127</td><td colspan="2">49</td></tr>
<tr><td rowspan="2"></td><td>സ്ഥിരം</td><td>ഡെപ്യൂട്ടേഷൻ</td></tr>
<tr><td>37</td><td>11</td></tr>
</table>

നോൺ ടെക്കനിക്കൽ സ്റ്റാഫ്-കരാർ/ദിവസവേതനം

| കരാർ ജീവനക്കാർ | ദിവസ വേതനക്കാർ |
|---|---|
| 12 | 162 |

സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ കീഴിൽ 2017-18 വർഷത്തിൽ എത്ര ജീവനക്കാരെ സർക്കാർ അനുമതിയില്ലാതെ നിയമിച്ചു, അത്തരം ജീവനക്കാർ ജോലി ചെയ്യുന്ന സ്ഥലം, നിയമനരീതി, നിയമന ഉത്തരവുകൾ തുടങ്ങിയവ ഹാജരാക്കാൻ ആവശ്യപ്പെട്ടുവെങ്കിലും അത്തരം രേഖകൾ പൂർണ്ണമായി ഓഡിറ്റിന് നൽകാൻ സ്ഥാപനം തയ്യാറായിട്ടില്ല. കൂടാതെ സ്ഥാപനം നൽകിയ സ്റ്റാഫ് ലിസ്റ്റും ഓരോ മാസത്തെ ശമ്പള ബില്ലും തമ്മിൽ പൊരുത്തപ്പെടുന്നില്ല. 2017ഏപ്രിൽ മാസത്തെ താല്ക്കാലിക/കരാർ ജീവനക്കാർക്കുള്ള വേതന സ്റ്റേറ്റ്മെന്റ് പ്രകാരം 149 പേർക്കും ആഗസ്റ്റ് മാസത്തിൽ 164പേർക്കും ഡിസംബർ മാസത്തിൽ 180 പേർക്കും മാർച്ച് മാസത്തിൽ 165 പേർക്കും ശമ്പളം നൽകിയിട്ടുണ്ട്. ഇപ്രകാരം വ്യത്യസ്ത രീതിയിൽ ശമ്പള ബിൽ തയ്യാറാക്കുന്നതിനാൽ താല്ക്കാലിക/കരാർ ജീവനക്കാരാരുടെ ശരിയായ വിവരം കണ്ടെത്താൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. കൂടാതെ സ്ഥിര, താല്ക്കാലിക/ദിവസവേതന ജീവനക്കാരുടെ അംഗീകൃത നിയമന രജിസ്റ്റർ സ്ഥാപനം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനം എന്ന നിലയിൽ പ്രവർത്തിക്കുന്ന സ്ഥാപനം കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ പാലിച്ച് പ്രവർത്തിക്കുന്നുവെന്ന് ഉറപ്പ് വരുത്തുവാൻ ബന്ധപ്പെട്ട അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്. സംസ്ഥാന സ്പോർട്സ് കൌൺസിലിലും ജില്ലാ സ്പോർട്സ് കൌൺസിലുകളിലുമായി സേവനം അനുഷ്ഠിക്കുന്ന സ്ഥിരം/താൽക്കാലിക/ഡെപ്യൂട്ടേഷൻ ജീവനക്കാരുടെ യഥാർത്ഥ കണക്ക് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

പി.എസ്.സി വഴി നിയമനം - സ്പെഷ്യൽ റൂൾസ് നടപ്പിലാക്കിയിട്ടില്ല

2000-ലെ കേരള സ്പോർട്സ് നിയമം വകുപ്പ് 44പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി മാത്രമേ സ്ഥിര നിയമനം നടത്താവൂ എന്ന് അനുശാസിക്കുന്നു.എന്നാൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി സ്ഥിരം നിയമനം നടത്താൻ ആവശ്യമായ സ്പെഷ്യൽ റൂൾസ് നടപ്പിലാക്കുന്നതിന് നാളിതുവരെ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. സർക്കാറിന്റെ മുൻകൂർ അനുമതിയില്ലാതെയും പത്രപരസ്യമോ, മറ്റ് പരസ്യങ്ങളോ ഇല്ലാതെയും കൗൺസിലിന്റെ തീരുമാനപ്രകാരം ടെക്നിക്കൽ/നോൺ ടെക്നിക്കൽ തസ്തികളിൽ താല്ക്കാലിക നിയമനങ്ങൾ നടത്തുകയും നിശ്ചിത കാലയളവ് പൂർത്തിയാകുന്ന മുറയ്ക്ക് അത്തരം ജീവനക്കാരെ സ്ഥിരപ്പെടുത്തുകയും ചെയ്യുന്ന രീതിയാണ് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സ്വീകരിച്ച് വരുന്നത്. ഇപ്രകാരം സ്ഥിരപ്പെടുത്തുന്ന ജീവനക്കാർക്ക് തസ്തിക അനുസരിച്ച് സർക്കാർ ജീവക്കാർക്ക് നൽകുന്ന അതേ ശമ്പള സ്കെയിൽ അനുവദിച്ചു നൽകി വരുന്നു. നിയമിക്കപ്പെടുന്ന താല്ക്കാലിക ജീവനക്കാരെ ഏതൊക്കെ ആഫീസുകളിൽ നിയമിച്ചിരിക്കുന്നുയെന്നോ, സ്ഥിര/താല്ക്കാലിക കോച്ചുമാർ ഏതൊക്കെ കായിക സ്ഥാപനങ്ങളിലാണ് നിയമിക്കപ്പെട്ടിരിക്കുന്നതെന്നോ വ്യക്തമാക്കുന്ന നിയമന രജിസ്റ്റർ സൂക്ഷിക്കുന്നില്ല. നിയമനങ്ങൾ സുതാര്യമാക്കാൻ 2000-ലെ കേരള സ്പോർട്സ് നിയമം വകുപ്പ് 44 പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി മാത്രമേ സ്ഥിര നിയമനം നടത്താവൂയെന്ന് അനുശാസിക്കുന്നതിനാൽ സ്പെഷ്യൽ റൂൾസ് അടിയന്തിരമായി നടപ്പിലാക്കി നിയമനങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നടത്താൻ ആവശ്യമായ അടിയന്തിര നടപടികൾ സ്പോർട്സ് കൗൺസിൽ സ്വീകരിക്കേണ്ടതാണ്.

## 3-5 ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

താഴെപ്പറയുന്ന ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ടുവെങ്കിലും ഹാജരാക്കിയില്ല

| ക്രമ നമ്പർ | ഫയൽ | തുക |
|---|---|---|
| | | |

| | | |
|---|---|---|
| 1 | ഹാൻഡ്ഹെൽഡ് ടോർച്ച് വാങ്ങൽ (plan) | 832000/- |
| 2 | ഫർണിച്ചർ വാങ്ങൽ (plan) | 358008/- |
| 3 | സർവെലൻസ് കാമറ വാങ്ങൽ (plan) | 70912/- |
| 4 | വാട്ടർ പ്യൂരിഫയർ വാങ്ങൽ (plan) | 57100/- |
| 5 | പ്രസിഡന്റിന്റെ ഔദ്യോഗിക വസതിയിലേക്ക് അടുക്കള പാത്രങ്ങൾ വാങ്ങൽ (plan)) | 32396/- |
| 6 | പ്രസിഡന്റിന്റെയും സെക്രട്ടറിയുടേയും കാബിനിലേക്ക് ടെലിവിഷൻ വാങ്ങൽ (plan) | 98800/- |
| 7 | Purchase of UPS and Battery(plan) | 341737/- |
| 8 | Purchase of computers(plan) | 246568/- |
| 9 | Purchase of computers(non plan) | 48825/- |
| 10 | Development of website for KSSC(plan) | 5244875/- |
| 11 | Digital document system | 440725/- |
| 12 | Palakkad Medical College ground renovation expenses | 3272765/- |
| 13 | Construction at Panampally Nagar sports complex | 27091341/- |
| 14 | Survey charges LBS stadium Kollam | 65409/- |
| 15 | Construction of Kottayam Indoor stadium | 2000000/- |
| 16 | Nanniyode Swimming pool renovation expenses | 6811539/- |
| 17 | Cash Award for winners in Asian Atheletic Meet(plan) | 9358028/- |
| 18 | DSC grants | 8890984/- |
| 19 | Purchase of sports kits under RMSA (plan) | 14338742/- |
| 20 | Financial Assistance for Medical treatment of sports persons(plan) | 442462/- |
| 21 | Sports clubs and institutions(plan) | 240000/- |
| 22 | Sports persons for participation in sports events(plan) | 200000/- |
| 23 | Purchase of chairs(own fund) | 42220/- |
| 24 | Purchase of dongles(own fund) | 12652/- |
| 25 | Purchase of Mobile phone(own fund) | 19000/- |
| 26 | 46-ാമത് സംസ്ഥാന ജൂനിയർ ഖോ-ഖോ ചാമ്പ്യൻഷിപ്പ് | 398000/- |
| | Total | 80955088/- |

കൂടാതെ അഡ്വാൻസ് ഫയലുകൾ (2522/17,2523/17,6230/17,6229/17), HATC കൺസൽട്ടൻസി, ഏകാംഗ കമ്മീഷൻ നിയമനം, മൊബിലൈസേഷൻ അഡ്വാൻസ്, അസോസിയേഷൻ രജിസ്ട്രേഷൻ തുടങ്ങിയവയുമായി ബന്ധപ്പെട്ട ചെലവുകൾ പരിശോധിക്കുന്നതിനാവശ്യമായ ഫയലുകളൊന്നും ലഭ്യമാക്കിയില്ല.

2017-18ലെ പ്ലാൻ, നോൺ-പ്ലാൻ, തനതു ഫണ്ട് വൗച്ചറുകൾ, ബാങ്ക് സ്റ്റേറ്റ്മെന്റ് (ടി.പി.എ. 313 പി.എഫ് അക്കൗണ്ട്) സ്ഥാപനത്തിന്റെ അടിസ്ഥാന രജിസ്റ്ററായ കാഷ് ബുക്ക്, EMD രജിസ്റ്ററുകൾ, Asset രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ, വാടക രജിസ്റ്റർ മുതലായ സർക്കാർ അനുശാസിക്കുന്ന രജിസ്റ്ററുകളൊന്നും പരിശോധനയ്ക്കു ലഭ്യമാക്കിയില്ല. സ്ഥാപനത്തിനു പല വിഷയങ്ങൾ സംബന്ധിച്ച് വിവിധ കേസുകൾ (കോടതിയും, വിജിലൻസും) നിലവിൽ ഉണ്ടെന്നിരിക്കെ ലഭ്യമാക്കിയ സ്യൂട്ട് രജിസ്റ്ററിൽ പൈക തുക സംബന്ധിച്ച 2കേസുകളൊഴികെ (WPC 23571/17, 37563/17) മറ്റു രേഖപ്പെടുത്തലുകളൊന്നുമില്ല.

ഇതു സംബന്ധിച്ച നല്കിയ ഓഡിറ്റ് എൻക്വയറി നം.6, ഓഡിറ്റ് റിക്വസിഷൻ നം.01/20.08.2020, കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ സെക്രട്ടറിക്കു നേരിട്ടുള്ള 07.09.2020 തീയതിയിലെ കത്ത് എന്നിവയ്ക്കൊന്നും മറുപടി നല്കിയില്ല.

കേരള സ്പോർട്സ് ആക്റ്റ്,2000 സെക്ഷൻ 39(1) പ്രകാരം കേരള സ്പോർട്സ് കൗൺസിൽ കൃത്യമായ കണക്കുകളും ബന്ധപ്പെട്ട രേഖകളും പരിപാലിക്കേണ്ടതും വരവു ചെലവുകളും ബാലൻസ് ഷീറ്റും ഉൾപ്പെട്ട വാർഷിക കണക്കുകൾ (annual statement of accounts) തയ്യാറാക്കേണ്ടതും സെക്ഷൻ 39(2) പ്രകാരം വാർഷിക കണക്കുകൾ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ പ്രസ്തുത കണക്കുകൾ പരിശോധിച്ച് ഓഡിറ്റ് ചെയ്യേണ്ടതാണ്. കേരള സ്പോർട്ട്സ് ആകട് 4(vii)-സെക്രട്ടറിയുടെ ചുമതലകൾ, 8(3)-സംസ്ഥാന കൗൺസിൽ നടപടികൾ എന്നിവ പ്രകാരം ആവശ്യപ്പെടുന്ന രേഖകൾ, മറ്റു വിശദാംശങ്ങൾ ഹാജരാക്കുന്നതിന് ബാധ്യസ്ഥരാണെന്ന് നിഷ്കർഷിക്കുന്നു. പരിശോധനയ്ക്കു ലഭ്യമാക്കാത്ത ഫയലുകൾ ഗണ്യമായ തുകകളുടെ വാങ്ങലുകളാണ് എന്നതിനാൽ 2018-19 വർഷത്തെ ഓഡിറ്റ് വേളയിൽ മേൽ ഫയലുകൾ പരിശോധനയ്ക്കു ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം

രേഖകൾ കൈവശമില്ലായെന്ന നിഗമനത്തിൽ പ്രസ്തുത വാങ്ങലുകളുടെ ആകെ തുക നിരാകരിക്കുന്നതും നിരാകരണത്തിന് സെക്രട്ടറി ഉത്തരവാദിയായിരിക്കുന്നതുമാണ്.

## 3-6 മുൻകൂർ ക്രമീകരണം-അപാകതകൾ

1. സ്ഥാപനത്തിൽ നിന്ന് വിവിധ അസോസിയേഷനുകൾക്ക് ചാമ്പ്യൻഷിപ്പ് നടത്തുന്നതിലേക്കായി അഡ്വാൻസ് നൽകി വരുന്നുണ്ട്.സർക്കാർ നൽകുന്ന പ്ലാൻ ഇനത്തിലെ ഗ്രാന്റ് ഉപയോഗിച്ചാണ് ഇത്തരത്തിൽ കായിക അസോസിയേഷനുകൾക്ക് മുൻകൂർ നൽകുന്നത്. അഡ്വാൻസായി നല്കാവുന്ന തുക, നൽകിയ അഡ്വാൻസിന്റെ ക്രമീകരണം എന്നീ വിഷയങ്ങളിൽ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല. അസോസിയേഷനുകൾ സമർപ്പിക്കുന്ന എസ്റ്റിമേറ്റിന്റെ 75% അഡ്വാൻസായി നൽകുകയും, തുടർന്ന് അസോസിയേഷനുകൾ ചെലവ് വൗച്ചറുകളോടൊപ്പം പ്രവർത്തന റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യുന്നു.

എ) ക്രമീകരിക്കുവാൻ അവശേഷിക്കുന്ന മുൻകൂറുകൾ

അഡ്വാൻസ് രജിസ്റ്റർ പ്രകാരം 2017-18 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന മുൻകൂറുകൾ ക്രമീകരിക്കുവാൻ അവശേഷിക്കുന്നു.

| സ്പോർട്സ് അസോസിയേഷൻ | നല്കിയ തുക | ചെക്ക് നമ്പർ |
|---|---|---|
| കേരള സംസ്ഥാന അമേച്വർ ബോക്സിംഗ് അസോസിയേഷൻ | 79000 | രേഖപ്പെടുത്തിയിട്ടില്ല |
| കനോയിംഗ് & കയാക്കിംഗ് അസേസിയേഷൻ | 160000 | 2507799/23.2.18 |
| കേരള ഫുട്ബോൾ അസോസിയേഷൻ | 265000 | 186463/5.8.2017 |
| കേരള ബെയ്സ്ബാൾ അസോസിയേഷൻ | 310000 | 2524034/22.1.2018 |
| | 270000 | 198162/26.9.2017 |
| | 26250 | 63923/3.11.2017 |
| | 160000 | 2507799/23.2.2018 |
| കേരള ഹാൻഡ് ബോൾ അസോസിയേഷൻ | 67000 | 121020/15.6.2017 |
| കേരള സ്റ്റേറ്റ് പവർലിഫ്റ്റിംഗ് അസോസിയേഷൻ | 151000 | 840120/6.6.2017 |
| | 151000 | 840121/6.6.2017 |
| കേരള സംസ്ഥാന റോളർ സ്കേറ്റിംഗ് അസോസിയേഷൻ | 248000<br>190000 | 250772/16.2.2018<br>2507775/16.2.2018 |
| | 70000<br>30000 | 2507771/16.2.2018<br>2507867/10.3.2018 |
| കേരള സോഫ്റ്റ് ബാൾ അസോസിയേഷൻ | 37500 | 840038/8.5.2017 |
| തായ്ക്കോണ്ടോ അസോസിയേഷൻ | 120000 | 2452608/22.3.2018 |
| കേരള സംസ്ഥാന വെയ്റ്റ് ലിഫ്റ്റിംഗ് അസോസിയേഷൻ | 128000 | 2507791/തീയതി രേഖപ്പെടുത്തിയിട്ടില്ല |
| | 271000 | 2507875/14.3.2018 |

അഡ്വാൻസ് തുക ക്രമീകരിക്കുന്നതിലേക്കായി തുക നൽകി 3 മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കേണ്ടതായിരുന്നു. ഇത്തരത്തിൽ ഫൈനൽ ബിൽ സമർപ്പിക്കുവാൻ കാലതാമസം വരുന്ന സംഗതികളിൽ നൽകിയ അഡ്വാൻസ് തുക 18% പലിശയടക്കം തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബി) അഡ്വാൻസ് ക്രമീകരിക്കുന്നതിൽ കാലതാമസം

രജിസ്റ്റർ പ്രകാരം കൈപറ്റിയ അഡ്വാൻസ് ക്രമീകരിക്കുന്നതിൽ വിവിധ അസോസിയേഷനുകൾ കാലതാമസം വരുത്തിയിട്ടുള്ളതായി കാണുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു

| സ്ഥാപനം | നൽകിയ തുക | ചെക്ക് നമ്പർ/തീയതി | ക്രമീകരിച്ച തീയതി |
|---|---|---|---|
| കേരള സംസ്ഥാന അത്ലറ്റിക് അസോസിയേഷൻ | 300000 | 144143/13.7.17 | 13.6.18 |
| സംസ്ഥാന ആർച്ചെറി അസോസിയേഷൻ | 450000 | 63947421.10.2017 | 15.6.2020 |

കൂടാതെ അസോസിയേഷനുകൾ കൈപറ്റിയ അഡ്വാൻസ് ക്രമീകരിക്കുന്നതിൽ കാലതാമസം വരുത്തിയിട്ടും മറ്റു അഡ്വാൻസുകൾ നൽകിയിട്ടുണ്ട്. ഇത്തരത്തിൽ ഫൈനൽ ബിൽ സമർപ്പിക്കുവാൻ കാലതാമസം വരുന്ന സംഗതികളിൽ തുക അടയ്ക്കുവാൻ കാലതാമസം വരുത്തിയാൽ ചെലവ് തുക കിഴിച്ച് ബാക്കി തുക 18% പലിശയടക്കം തിരികെ ഈടാക്കേണ്ടതാണ്.

മുൻകൂറുകൾ കൈപറ്റിയിട്ട് നിശ്ചിത സമയപരിധിക്കുള്ളിൽ ഫൈനൽ ബിൽ നൽകുകയും അഡ്വാൻസ് ക്രമീകരിക്കുന്നതിന്മേൽ വീഴ്ച വരുത്തുകയും ചെയ്യുന്ന അസോസിയേഷനുകളുടെ മേൽ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ ഭാഗത്ത് നിന്നും നടപടിയൊന്നുമില്ല.

2.എ) അറ്റകുറ്റപണികൾക്കായി നൽകിയ അഡ്വാൻസ്- ഫയലുകൾ ലഭ്യമാക്കിയിട്ടില്ല

വിവിധ അറ്റകുറ്റപണികൾക്കായി താഴെ പറയും പ്രകാരം നൽകിയ അഡ്വാൻസ് ക്രമീകരിക്കാൻ അവശേഷിക്കുന്നു.

| അഡ്വാൻസ് നൽകിയതിന്റെ ഉദ്ദേശ്യം | തുക |
|---|---|
| കാസർകോട്- സി.എസ്.എച്ച് കെട്ടിടത്തിന്റെ അറ്റകുറ്റപണി- (പി.ഡബ്ല്യ.ഡി ക്ക് നൽകിയത്) | 1300000 |
| പനമ്പള്ളി നഗർ സി.എസ്.എച്ച് കെട്ടിടത്തിന്റെ പുനരുദ്ധാരണം | 1334422 |
| ആകെ | 2634422 |

ഈ അഡ്വാൻസുകൾ നൽകിയതിന്റെ വിശദാംശങ്ങൾ, പ്രവൃത്തിയുടെ എസ്റ്റിമേറ്റ്, പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച യാതൊരു വിവരങ്ങളും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. അഡ്വാൻസ് വിവരങ്ങൾ രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കുന്നില്ല. അഡ്വാൻസ് ഫയലുകളുടെ അഭാവത്തിൽ ഈ ഇനത്തിൽ നൽകിയ തുക 2634422/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സവാദം ഒഴിവാക്കേണ്ടതാണ്.

ബി)`മറ്റ് അഡ്വാൻസുകൾ - 2612182/- രൂപ ക്രമീകരിച്ചിട്ടില്ല

വാർഷിക ധനകാര്യ പത്രിക പ്രകാരം Other advances വിഭാഗത്തിൽ 2612182/- രൂപ ക്രമീകരിക്കാൻ അവശേഷിക്കുന്നു. ഇതിൽ താഴെ പറയുന്ന അഡ്വാൻസുകൾ മുൻവർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരവും നിലനിന്നിരുന്ന അഡ്വാൻസ് ആണ്.

| അഡ്വാൻസ് നൽകിയത് | അഡ്വാൻസ് നൽകിയ തുക |
|---|---|
| മുരളി ചന്ദ്രൻ, | 100000 |
| ജില്ലാ സ്പോർട്സ് കൗൺസിലുകൾക്ക് ഇലക്ഷൻ നടത്തുന്നതിന് നൽകിയ അഡ്വാൻസ് | 80000 |
| മൊമെന്റോ നിർമ്മിക്കുന്നതിന് | 60000 |
| റൈഫിൾ അസോസിയേഷനുകൾക്ക് നൽകിയ അഡ്വാൻസ് | 517502 |
| സനൽകുമാർ, മുൻ അസി.സെക്രട്ടറി | 100000 |

ഇത് കൂടാതെ 2017-18ൽ നൽകിയ താഴെ പറയുന്ന അഡ്വാൻസുകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ല.

| തുക നൽകിയത് | നൽകിയ തുക |
|---|---|
| ജയകുമാർ | 10000 |
| അജിത്ത്കുമാർ, എ.റ്റി.ഒ | 10000 |
| നിതിൻ റോയി | 75000 |
| അമൽജിത്ത് | 250000 |
| സി.ജയൻ | 46194 |
| ജില്ലാ സ്പോർട്സ് കൗൺസിൽ കൊല്ലം | 200000 |
| | |

| | |
|---|---|
| ജി.ശ്രീകുമാർ, റ്റി.ഒ | 418357 |
| ജില്ലാ സ്പോർട്സ് കൗൺസിൽ കോഴിക്കോട് | 41900 |
| കോളേജ് ഗെയിംസ് വിനിയോഗിക്കാത്ത തുക | 109916 |
| സുനിൽ കുമാർ (ഖേലോ ഇൻഡ്യ) | 10000 |

അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ അഡ്വാൻസ് സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ലഭ്യമായിട്ടില്ല. കൂടാതെ ഓഡിറ്റ് എൻക്വയറി 26 പ്രകാരം ഫയലുകൾ ആവശ്യപ്പെട്ടുവെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. ഈ അഡ്വാൻസുകൾ ക്രമീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും നടപടികളുടെ പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ഇത് കൂടാതെ സ്പോർട്സ് പരിപാടികളിൽ RGKA ചെലവുകൾക്കായി നൽകിയ 82593/- രൂപ ക്രമീകരിക്കേണ്ടതും വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്. അഡ്വാൻസ് ഇനത്തിൽ നൽകുന്ന തുകയുടെ വിവരങ്ങൾ രേഖപ്പെടുത്തി അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കേണ്ടതും സർക്കാർ നിർദ്ദേശം പാലിച്ച് അഡ്വാൻസുകൾ ക്രമീകരിക്കേണ്ടതുമാണ്. 2017-18 വർഷം അനുവദിച്ച മുൻകൂറുകൾ ക്രമീകരിച്ച് വിശദാംശങ്ങൾ രണ്ട് മാസത്തിനുള്ളിൽ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം സർചാർജ്ജ് നടപടികൾ സ്വീകരിക്കുന്നതാണ്.

## 3-7 സ്പോർട്സ് അസോസിയേഷനുകളുടെ രജിസ്ട്രേഷൻ- വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

സ്പോർട്സ് കൗൺസിൽ ചട്ടങ്ങൾ (56 എഫ് ) പ്രകാരം സംസ്ഥാന സ്പോർട്സ് അസോസിയേഷനുകൾ കളിക്കാരുടെ പേരുകൾ ഫോട്ടോ സഹിതം, അവർക്ക് തിരിച്ചറിയൽ കാർഡ് നൽകികൊണ്ട് ഓരോ വർഷവും സംസ്ഥാന സ്പോർട്സ് കൗൺസിലിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.കൂടാതെ ഇത്തരം സംഘടനകൾ അഖിലേന്ത്യാ സംഘടനയുമായി അഫിലിയേറ്റ് ചെയ്യേണ്ടതുമാണ്. രജിസ്റ്റർ ചെയ്യപ്പെടുന്ന വിവിധ അസോസിയേഷനുകൾ ഒരോ വർഷവും സബ് ജൂനിയർ, ജൂനിയർ, സീനിയർ തലങ്ങളിൽ മത്സരങ്ങൾ നടത്തണമെന്ന് സ്പോർട്സ് കൗൺസിൽ ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ 2017-18 സാമ്പത്തി കവർഷം സംസ്ഥാന സ്പോർട്സ് കൗൺസിലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സംഘടനകളുടെ വിവരങ്ങൾ, ഇത്തരം സംഘടകളുടെ അഫിലിയേഷൻ ഉറപ്പാക്കിയിട്ടുള്ളതിന്റെ വിശദാംശങ്ങൾ എന്നിവ ഓഡിറ്റ് എൻക്വയറി 13 പ്രകാരം ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയിട്ടില്ല. അംഗീകൃത സംവിധാനങ്ങൾ ഒരോ വർഷവും സബ് ജൂനിയർ, ജൂനിയർ, സീനിയർ തലങ്ങളിൽ മത്സരങ്ങൾ നടത്തുന്നുണ്ടെന്ന് സംസ്ഥാന സ്പോർട്സ് കൗൺസിൽ മോണിറ്റർ ചെയ്തതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

## 3-8 ഏകാംഗ കമ്മീഷൻ നിയമനം- രേഖകൾ ഹാജരാക്കിയിട്ടില്ല

27.4.2017ലെ അഡ്മിനിസ്ട്രേറ്റീവ് ബോർഡ് തീരുമാന പ്രകാരം ശ്രീ. ജോൺ.കെ. ബ്രിട്ടോയ്ക്ക് ഏകാംഗ കമ്മീഷൻ റിപ്പോർട്ട് സമർപ്പിക്കുന്നതിലേയ്ക്കായി 5 ലക്ഷം രൂപ അഡ്വാൻസ് നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സർക്കാർ പ്ലാൻ ഗ്രാന്റിൽ നിന്നും 16.5.2017 ലെ ചെക്ക് നമ്പർ 840061പ്രകാരം 200000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഈ കമ്മീഷന്റെ ഉദ്ദേശ്യം, കമ്മീഷൻ നിയമനം, വേതനം, റിപ്പോർട്ട് സമർപ്പിച്ചതിന്റെ വിവരങ്ങൾ എന്നിവ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. വൗച്ചറുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ കൂടുതൽ തുക നൽകിയിട്ടുണ്ടോ എന്ന് ഉറപ്പാക്കാനായിട്ടില്ല. വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (9)ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഏകാംഗ കമ്മീഷന്റെ ഉദ്ദേശ്യം, കമ്മീഷൻ നിയമനം, സർക്കാർ അനുമതി, കമ്മീഷൻ കാലാവധി, സമർപ്പിച്ചിട്ടുള്ള റിപ്പോർട്ട് എന്നീ വിവരങ്ങൾ ഓഡിറ്റിന് വിധേയമാക്കേണ്ടതാണ്. രണ്ട് മാസത്തിനുള്ളിൽ വിശദാംശങ്ങൾ ലഭ്യമാക്കാൻ കഴിയാത്ത പക്ഷം തുക തിരികെ ഈടാക്കുന്നതിന് സർചാർജ്ജ് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 സ്ഥിര നിക്ഷേപങ്ങൾ -വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

സ്ഥാപനം ലഭ്യമാക്കിയ സ്ഥിര നിക്ഷേപങ്ങളുടെ രസീത് പരിശോധിച്ചത് പ്രകാരം താഴെ പറയുന്ന അപാകതകൾ കാണുന്നു.

എ) സ്ഥിര നിക്ഷേപങ്ങൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

താഴെ പറയുന്ന സ്ഥിര നിക്ഷേപങ്ങൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല

| ബാങ്ക് | അക്കൗണ്ട് നമ്പർ | തുക | കാലാവധി | കാലാവധി അവസാനിച്ച തീയതി |
|---|---|---|---|---|
| SBT | 67088203992 | 2873310 | 5 വർഷം | 9.6.2019 |
| Treasury | J J 638065 | 1913864 | 3 | 30.1.2020 |
| | A A 98134 | 75000 | 3 | 27.1.2020 |
| | AA98172 | 4019 | 3 | 9.7.2019 |
| | A A 251224 | 1500000 | 3 | 7.2.2020 |
| Kerala sports council Employees co operative society | 301/1.6.2015 | 144000 | 3 | 1.6.2018 |
| | 294/30.9.14 | 200000 | 3 | 30.9.2017 |
| | | | | |

| | | | | |
|---|---|---|---|---|
| | 295/30.9.14 | 100000 | 3 | 30.9.2017 |
| | 296/30.9.14 | 168000 | 3 | 1.10.2017 |
| | 293/30.9.14 | 100000 | 3 | 30.9.2017 |

സർക്കാർ ഗ്രാന്റാൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ ആസ്തി വിവരങ്ങൾ പൂർണമായും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ടതായിരുന്നു. സ്ഥാപനത്തിന്റെ ആസ്തി-ബാദ്ധ്യതാ വിവരങ്ങൾ പൂർണമായും രേഖപ്പെടുത്തി വാർഷിക ധനകാര്യ പത്രിക തയ്യാറാക്കേണ്ടതാണ്. കൂടാതെ സ്ഥാപനത്തിലെ എല്ലാ സ്ഥിര നിക്ഷേപങ്ങളും കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് പുതുക്കുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതാണ്.

<u>ബി)സ്ഥിര നിക്ഷേപ രസീതുകൾ പൂർണമായും ഓഡിറ്റിന് ഹാജരാക്കിയില്ല</u>

താഴെ പറയുന്ന സ്ഥിര നിക്ഷേപങ്ങളുടെ രസീതുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

| Bank | Account no | Amount | Tenure | Maturity date |
|---|---|---|---|---|
| Try savings | AA 249846 /10.7.2015 | 6000000 | 3 | 10.7.2018 |
| Try savings | AA 081668/22.8.2014 | 3189526 | 3 | 22.8.2017 |
| Try savings | AA 098133/5.6.2013 | 5000000 | 5 | 5.6.2018 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 26 ന് മറുപടി ലഭ്യമായിട്ടില്ല. മേൽ അക്കൗണ്ടുകൾ ക്ലോസ് ചെയ്തിട്ടുണ്ടെങ്കിൽ അക്കൗണ്ടിലെ തുക ക്രെഡിറ്റ് ചെയ്ത തീയതി, തുക ക്രഡിറ്റ് ചെയ്ത ബാങ്ക്, തുക വിനിയോഗിച്ചതിന്റെ വിശദാംശങ്ങൾ എന്നിവ ഓഡിറ്റിന് വിധേയമാക്കുകയും അല്ലാത്തപക്ഷം സ്ഥിര നിക്ഷേപങ്ങളുടെ ഒറിജിനൽ രസീത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 3-10 സൂപ്പർ ബംബർ ലോട്ടറി -രേഖകൾ ലഭ്യമല്ല

തൻ വർഷത്തെ വാർഷിക ധനകാര്യപത്രിക പ്രകാരം സ്ഥാപനത്തിന് സൂപ്പർ ബംബർ ലോട്ടറി ഇനത്തിൽ 5374523/-രൂപ ലഭിക്കാനുള്ളതായി കാണിച്ചിട്ടുണ്ട്. വിവിധ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കേണ്ട ഈ വരവ് പിരിച്ചെടുക്കുവാൻ കൗൺസിൽ നടപടികൾ സ്വീകരിച്ചിട്ടില്ല. ഓഡിറ്റ് എൻക്വയറി 10 നുള്ള മറുപടിയായി ആകെ 13464220/-രൂപ ലഭിക്കാനുള്ളതായി അറിയിച്ചിട്ടുണ്ട്. വാർഷിക ധനകാര്യ പത്രികയിൽ ഇത്തരത്തിൽ തുക കുറവായി കാണിച്ചിട്ടുള്ളതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. തുക ലഭിക്കാനുള്ള സ്ഥാപനങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.

| സ്ഥാപനം | ലഭിക്കാനുള്ള തുക |
|---|---|
| തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ | 13246620 |
| കേരള മൗണ്ടനീയറിംഗ് അസോസിയേഷൻ | 24000 |
| കേരള സൈക്ലിംഗ് അസോസിയേഷൻ | 80000 |
| കേരള അക്വാട്ടിക് അസോസിയേഷൻ | 113600 |

30.1.2017 ലെ 4439/ സി 1/2017/കെ.എസ്.എസ്.സി നമ്പർ കത്ത്പ്രകാരം വിവിധ അസോസിയേഷനുകൾക്ക് തുക പിരിച്ചെടുക്കുന്നതിന് കത്ത് നൽകിയിട്ടുണ്ട്. കൂടാതെ 4.5.18ലെ 4439/ സി 1/2017/കെ.എസ്.എസ്.സി നമ്പർ കത്ത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ കുടിശ്ശിക ലഭിക്കുന്നതിന് സർക്കാർ തലത്തിൽ നടപടി സ്വീകരിക്കുന്നതിന് കായിക യുവജനകാര്യ മന്ത്രാലയം വകുപ്പ് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ട്. വാർഷിക ധനകാര്യ പത്രികയിൽ സ്ഥാപനത്തിന് ലഭിക്കേണ്ട തുക കുറച്ച് കാണിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. സ്ഥാപനത്തിന്റെ വരവ് പൂർണമായും പിരിച്ചെടുക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-11 പുതിയ ടിവിക്ക് വേണ്ടി ക്വട്ടേഷൻ നടപടികൾ നടന്നുകൊണ്ടിരിക്കെ ടിവി റിപ്പയറിംഗിനായി തുക ചെലവഴിച്ചു

കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ സെക്രട്ടറിയുടെയും വൈസ് പ്രസിഡന്റിന്റെയും റൂമിലെ ടിവി റിപ്പയർ ചെയ്യുന്നതിന് 30.11.2017ലെ VeeGee care centre എന്ന സ്ഥാപനത്തിന്റെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 10.12.2017ൽ വർക്ക് ഓർഡർ നൽകി. 284/3.1.2018 നമ്പർ വൗച്ചർ പ്രകാരം ടിവി റിപ്പയർ ചാർജ്ജ് ഇനത്തിൽ 14980/-രൂപ Vee Gee care centre ന് നൽകിയിട്ടുണ്ട്.

(5813/ബി2/2017 തീയതി 1.1.2018 നടപടിക്രമം പ്രകാരം തുക അനുവദിച്ചു.) എന്നാൽ സെക്രട്ടറിയുടെയും പ്രസിഡന്റിന്റെയും ക്യാബിനിൽ പുതിയ ടിവി വാങ്ങുന്നതിന് 27.11.2017ൽ ക്വട്ടേഷൻ ക്ഷണിക്കുകയും , സിഗ്മ സൊല്യൂഷന്റെ 30.12.2017ലെ 329 നമ്പർ ചെലാൻ പ്രകാരം (ഇൻ.നം.ZS/305/2017-18 dtd.30.12.2017) ടിവി ലഭിക്കുകയും ചെയ്തിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തൽ പ്രകാരം 30.12.17ൽ സെക്രട്ടറിയുടെയും പ്രസിഡന്റിന്റെയും റൂമിൽ ടി.വി സ്ഥാപിച്ചതായി കാണിച്ചിട്ടുണ്ട്. ഇതിലേക്കായി സ്പോർട്സ് കൌൺസിൽ സെക്രട്ടറിയുടെ കെ.എസ്.എസ്.സി/ബി1/5663/17 തീയതി 04-02-2018 നമ്പർ ഉത്തരവ് പ്രകാരം 98800/- രൂപ ചെലവഴിച്ചിട്ടുണ്ട് (വൌച്ചറുകൾ ഹാജരാക്കിയിട്ടില്ല). സെക്രട്ടറിയുടെ ക്യാബിനിലേക്കായി പുതിയ ടിവി വാങ്ങുന്നതിന് ക്വട്ടേഷൻ നടപടികൾ നടന്നുകൊണ്ടിരിക്കെ റിപ്പയറിംഗിനായി തുക അനുവദിച്ച നടപടി ശരിയല്ല. കൂടാതെ റിപ്പയർ ചെയ്ത ടിവിയുടെ നിലവിലെ ഉപയോഗ ക്രമം ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (29) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ റിപ്പയറിനായി ചെലവഴിച്ച 14980/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ടിവി റിപ്പയറിംഗ് സംബന്ധിച്ച രേഖകൾ ലഭ്യമാക്കുന്നതോടൊപ്പം റിപ്പയർ ചെയ്ത ടിവിയുടെ നിലവിലെ ഉപയോഗക്രമം/അവസ്ഥ കൂടെ അറിയിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-12 മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ്-സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല

മെഡിക്കൽ റീഇമ്പേഴ്സ്മെന്റിന് സർക്കാർ ജീവനക്കാർക്ക് മാത്രമാണ് അർഹത എന്നിരിക്കെ, മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് ലെഡ്ജർ പരിശോധിച്ചതിൽ സംസ്ഥാന സ്പോർട്സ് കൗൺസിലിൽ കരാർ ജീവനക്കാരിക്കും, മുൻ മെമ്പർക്കും സർക്കാർ അനുമതിയില്ലാതെ മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് ആനുകൂല്യം നൽകിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ചെക്ക് നമ്പർ/ തീയതി | തുക | ആനുകൂല്യം കൈപറ്റിയ വ്യക്തി തസ്തിക |
|---|---|---|
| 040904/9.11.2017 | 101800/- | ശ്രീമതി.ഫൗസിയ.എം, ഫുട്ബാൾ ട്രെയ്നർ<br>(കരാർ ജീവനക്കാരി) |
| 839817/18.5.2017 | 200000/- | ശ്രീമതി.ചന്ദ്രമതി, (മുൻമെമ്പർ ശ്രീ.നാരായണന്റെ ചികിത്സക്കായി കൈപറ്റിയത്) |

പ്രസ്തുത ഫയലുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ലഭ്യമാക്കുന്നതിലേക്കായി നൽകിയ ഓഡിറ്റ് എൻക്വയറി 37ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ തുകകളുടെ ചെലവിന് സർക്കാർ അനുമതി വാങ്ങേണ്ടതാണ്.

## 3-13 മെഡിക്കൽ അഡ്വാൻസ് ക്രമീകരിച്ചിട്ടില്ല- നടപടികൾ അനിവാര്യം

വാർഷിക ധനകാര്യ പത്രിക പ്രകാരം 2017-18ൽ മെഡിക്കൽ അഡ്വാൻസ് ഇനത്തിൽ 400000/-രൂപ ക്രമീകരിക്കാവനശേഷിക്കുന്നു. ഫയൽ പരിശോധിച്ചതിൽ കണ്ണൂർ ജില്ലാ സ്പോർട്സ് കൗൺസിൽ ജീവനക്കാരനായ ശ്രീ.രമേശൻ കെ., ഓഫീസ് അറ്റന്റന്റിന്, ടിയാളുടെ ഭാര്യയുടെ ചികിത്സക്കായി 400000/-രൂപ കണ്ണൂർ ജില്ലാ സ്പോർട്സ് കൗൺസിലിന് നൽകിയിട്ടുണ്ട്.(നോൺ-പ്ലാൻ വൗ. നം. 299/17.10.2017, ചെക്ക് നമ്പർ 040838/17.10.2017, കെ.എസ്.എസ്.സി.ബി9/3386/2017 നം. നടപടിക്രമം).ടിയാളുടെ 25.7.17ലെ അപേക്ഷ പരിഗണിച്ച് 23.8.2017ലെ അഡ്മിനിസ്ട്രേറ്റീവ് ബോർഡ് യോഗത്തിൽ സർക്കാർ അംഗീകാരത്തിന് വിധേയമായാണ് തുക നൽകാൻ തീരുമാനിച്ചതെങ്കിലും നാളിതുവരെ സർക്കാർ അംഗീകാരം ലഭിച്ചിട്ടില്ല. 5.6.2003ലെ സർക്കാർഉത്തരവു സ.1678/2003 ആ.കു.ക്ഷേമ വകുപ്പ് പ്രകാരം ആരോഗ്യ വകുപ്പ ഡയറക്ടറുടെ പ്രത്യേക റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2 ലക്ഷം രൂപ വരെ പലിശ രഹിത വായ്പ നല്കാവുന്നതാണ്. എന്നാൽ 4 ലക്ഷം രൂപ നല്കിയതിനുള്ള കാരണം വ്യക്തമല്ല.
കണ്ണൂർ ജില്ലാ സ്പോർട്സ് കൗൺസിലെ 7.12.2018 ലെ കത്ത് പ്രകാരം അഡ്വാൻസ് നൽകിയ തുകയിൽ ചെക്ക് നം.120973/7.12.2018 രസീത് നം. 22921/13.12.18 പ്രകാരം 2 ലക്ഷം രൂപ തിരികെ അടച്ചിട്ടുള്ളതായി പറയുന്നുണ്ടെങ്കിലും ചെക്ക്/ ഡിഡി. രജിസ്റ്ററിന്റെ അഭാവത്തിൽ ടി തുക സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ അക്കൗണ്ടിൽ ക്രെഡിറ്റായതിന്റെ വിവരങ്ങൾ ലഭിച്ചിട്ടില്ല. അഡ്വാൻസ് നൽകിയതിൽ ബാക്കി തുകയായ 200000/-രൂപ ക്രമീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 37ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മെഡിക്കൽ അഡ്വാൻസ് ഇനത്തിൽ നൽകിയ തുക ക്രമീകരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. തിരികെ ഒടുക്കിയ 2 ലക്ഷം രൂപയുടെ വരവിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റായി നൽകിയ 200000/- രൂപ ക്രമീകരിച്ചതിന്റെ രേഖകൾ ലഭ്യമാക്കാൻ കഴിയാത്ത പക്ഷം തുക തിരികെ ഒടുക്കേണ്ടതാണ്.

## 3-14 മൊബിലൈസേഷൻ അഡ്വാൻസ് - തുക ക്രമീകരിച്ചിട്ടില്ല

വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് പ്രകാരം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ 800000/-രൂപ ക്രമീകരിക്കാൻ അവശേഷിക്കുന്നു. ടി തുക രാജ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിന് പിരപ്പൻകോട് സ്വിമ്മിംഗ് പൂൾ

ഫിൽറ്ററേഷൻ പ്ലാന്റിലെ പ്രവൃത്തിക്കായാണ് നൽകിയത്.

പ്രസ്തുത തുകക്കുള്ള പ്രവൃത്തിയുടെ വിശദാംശങ്ങൾ, അഡ്വാൻസുമായി ബന്ധപ്പെട്ട് രാജ എന്റർപ്രൈസസ്സുമായി സ്ഥാപനം കരാറിലേർപ്പെട്ടിട്ടുള്ളതിന്റെ വിശദാംശങ്ങൾ എന്നിവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 39 ന് മറുപടി ലഭ്യമാക്കുകയോ ഫയൽ ഹാജരാക്കുകയോ ചെയ്തിട്ടില്ല. മൊബിലൈസേഷൻ അഡ്വാൻസ് തുക നൽകിയതുമായി ബന്ധപ്പെട്ട വൌച്ചറുകൾ, മറ്റ് രേഖകൾ ക്രമീകരിച്ചതിന്റെ വിവരങ്ങൾ എന്നിവ ഓഡിറ്റിന് വിധേയമാക്കേണ്ടതാണ്.

## 3-15 ജില്ലാ സ്പോർട്സ് കൗൺസിലുകൾക്ക് നൽകിയ ഗ്രാന്റ് - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

2017-18 വാർഷിക ധനകാര്യ പത്രിക പ്രകാരം വിവിധ ജില്ലാ സ്പോർട്സ് കൗൺസിലുകൾക്ക് 8890984/-രൂപ നൽകിയിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. സ്ഥാപനം ജില്ലാ കൗൺസിലുകൾക്ക് നൽകി വരുന്ന ഗ്രാന്റ് വിവരങ്ങൾ രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ചെക്ക് ഇഷ്യൂ രജിസ്റ്റർ പ്രകാരം വിവിധ ജില്ല സ്പോർട്സ് കൌൺസിലുകൾക്ക് നൽകിയ ഗ്രാന്റ് തുകകളുടെ വിശദാംശങ്ങൾ താഴെപ്പറയുന്നു.

| ചെക്ക് നമ്പർ/ തീയതി | നൽകിയ തുക | തുക നൽകിയ ജില്ലകൾ |
|---|---|---|
| 840076/1.6.2017 | 2800000 (14*200000) | 14 ജില്ലാ സ്പോർട് കൗൺസിലുകൾക്ക് |
| 144133/13.7.2017 | 300000 | മെയിന്റനൻസ് & കൺസ്ട്രക്ഷൻ ഗ്രാന്റ് (എറണാകുളം,തൃശ്ശൂർ, കാസർകോട് ജില്ലാ കൗൺസിലുകൾക്ക്) |
| 186504/11.8.2017 | 1000000 | വയനാട് ജില്ലാ കൗൺസിലിന് നൽകിയത് |
| 186516/21.8.2017 | 900000 | അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റ് (12 ജില്ലാ സ്പോർട്സ് കൗൺസിലുകൾക്ക് ) |
| 639528/3.11.17 | 540000 | |
| 198140/19.9.2017 | 350000 | ഫിഫ അണ്ടർ 17 ലോകകപ്പുമായി ബന്ധപ്പെട്ട് ജില്ലാ സ്പോർട്സ് കൗൺസിലുകൾക്ക് നൽകിയത് |
| 2298374/19.12.2017 | 180000 | ജില്ലാ സ്പോർട്സ് കൗൺസിൽ ഗ്രാന്റ്(12 ജില്ലാ സ്പോർട്സ് കൗൺസിലുകൾക്ക്) |
| 2524007/6.1.2018 | 100000 | അസോസിയേഷൻ ഗ്രാന്റ് -(വയനാട് ജില്ലാ സ്പോർട്സ് കൗൺസിലിന്) |
| 2524010/6.1.2018 | 100000 | അസോസിയേഷൻ ഗ്രാന്റ് (കണ്ണൂർ ജില്ലാ സ്പോർട്സ് കൗൺസിലിന്) |
| 2507795/23.2.2018 | 409000 | ജില്ലാ സ്പോർട്സ് കൗൺസിൽ ഗ്രാന്റ് - (എറണാകുളം ജില്ലാ സ്പോർട്സ് കൗൺസിലിന് ) |
| 2507825/5.3.2018 | 100000 | അസോസിയേഷൻ ഗ്രാന്റ് (ഇടുക്കി ജില്ലാ സ്പോർട്സ് കൗൺസിലിന്) |
| 2507826/6.3.2018 | 100000 | അസോസിയേഷൻ ഗ്രാന്റ് (തിരുവനന്തപുരം ജില്ലാ സ്പോർട്സ് കൗൺസിലിന്) |
| 2646304/27.3.2018 | 200000 | അസോസിയേഷൻ ഗ്രാന്റ് (പാലക്കാട് ,കോഴിക്കോട് ജില്ലാ സ്പോർട്സ് കൗൺസിലിന് ) |
| ആകെ | 7079000 | |

എന്നാൽ മേൽചെലവുതുകകളുടെ ചെലവിനാധാരമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ജില്ലാ സ്പോർട്സ് കൗൺസിലുകൾക്ക് നൽകുന്ന അഡ്വാൻസുകൾ രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുകയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല. ഓഡിറ്റ് എൻക്വയറി 8, 49 എന്നിവ പ്രകാരം ഈ വിഷയം സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ജില്ലാ സ്പോർട്സ് കൗൺസിലുകൾക്ക് കൊടുക്കുന്ന തുകകളുടെ വിശദാംശങ്ങൾ

രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. വിവിധ ജില്ലാ സ്പോർട്സ് കൗൺസിലുകൾക്ക് നൽകിയ തുകയുള്ള വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-16 വാഹന പരിപാലനം-അപാകതകൾ

കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ കാര്യാലയത്തിന്റെ ഉടമസ്ഥതയിൽ 2017-18 സാമ്പത്തിക വർഷം ആകെ 6 വാഹനങ്ങൾ ആണ് ഉണ്ടായിരുന്നത്. ഇവയുടെ പരിപാലനം സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

എ. ഇന്ധന ക്ഷമത ടെസ്റ്റ് നടത്തിയിട്ടില്ല

KL-01 BN3913, KL-01 BR8915 എന്നീ വാഹനങ്ങളുടെ ലോഗ്ബുക്കുകളിൽ പ്രസ്തുത സാമ്പത്തിക വർഷം ഇന്ധനക്ഷമത ടെസ്റ്റ് നടത്തിയതായി രേഖപ്പെടുത്തുകയോ ആയതിന്റെ സർട്ടിഫിക്കറ്റ് പതിക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ ഈ വാഹനങ്ങൾക്ക് 2017-18സാമ്പത്തിക വർഷം ഇന്ധനക്ഷമത ടെസ്റ്റ് നടത്തിയിട്ടില്ലായെന്നു വ്യക്തമാണ്. ഇതു സംബന്ധിച്ച് 16/20.08.2020 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

ജി.ഒ.(ആർ.ടി)നം.582/75/പി.ഡബ്ല്യു/05.05.1975, സർക്കുലർ നം. 41/2008/ധന തീയതി 02.08.2008 എന്നിവ പ്രകാരം ഇന്ധനക്ഷമത ടെസ്റ്റ് ഓരോ വർഷവും കൃത്യസമയത്തു നടത്തേണ്ടതും ആയതിന്റെ സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ പതിച്ചിരിക്കേണ്ടതുമാണ്. വാഹന പരിപാലന ചെലവു കുറയ്ക്കുന്നതിനും ഇന്ധന ദുരുപയോഗം തടയുന്നതിനും ഇന്ധനക്ഷമത ടെസ്റ്റ് നടത്തി മൈലേജ് നിർണ്ണയിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

ബി. വാഹനങ്ങൾക്ക് സർക്കാർ വകുപ്പിൽ നിന്നും ഇൻഷ്വറൻസ് എടുത്തിട്ടില്ല
ഔദ്യോഗിക വാഹനങ്ങളുടെ ഇൻഷ്വറൻസ് കേരള ഇൻഷ്വറൻസ് വകുപ്പിൽ നിന്നും എടുക്കുന്നതിനു പകരം ദി ന്യൂ ഇന്ത്യ ഇൻഷ്വറൻസ് ലിമിറ്റഡിൽ നിന്നുമാണ് എടുത്തിട്ടുള്ളത്. 18.04.2000 ലെ ജി.ഒ.(പി) നം. 819/2000 ഫിൻ ഉത്തരവു പ്രകാരം ഗവ. വകുപ്പുകൾ, പൊതുമേഖല സ്ഥാപനങ്ങൾ, സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ എന്നിവിടങ്ങളിലെ ഔദ്യോഗിക വാഹനങ്ങളുടെ തേർഡ് പാർട്ടി ഇൻഷ്വറൻസ് കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ നിന്നും എടുക്കേണ്ടതാണ്.

സി. ലോഗ്ബുക്ക് പരിപാലനത്തിലെ അപാകതകൾ
